# മരിയദൂത്

A Schoenstatt Movement Publication



## അമ്മയും രാജ്ഞിയും

# DIOCESE OF IRINJALAKUDA

Bishop's House, P.B. No.59, Irinjalakuda
Thrissur Dist., Kerala - 680 121, India
Ph : 0480 - 2826830, 2826820. Fax : 2825050
E-mail : ijkbph@gmail.com




## സന്ദേശം

ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രത്തിലെ പ്രസാദവരനാഥ കപ്പേളയുടെ സുവർണ്ണ ജൂബിലി ആചരിക്കുമ്പോൾ ഷേൺസ്റ്റാട്ട് കുടുംബത്തിനു ദൈവാനുഗ്രഹം നേരുന്നു. 1969-ൽ മാർ ജോർജ് ആലപ്പാട്ട് പിതാവ് വെഞ്ചരിച്ച ഈ കപ്പേള ബഹുമാനപ്പെട്ട അക്കരക്കാരൻ ജോസ്, ആന്റണി അച്ചന്മാരുടെ ശ്രമഫലമായി നിർമിതമായതാണ്. ഇരിങ്ങാലക്കുട രൂപതയിൽ പരി. അമ്മയോടുള്ള ഭക്തിയും സ്നേഹവും വളർത്തുന്നതിന് ഈ പ്രസാദവരനാഥ കപ്പേള അനേകരെ സഹായിച്ചിട്ടുണ്ട്. ആത്മീയ ചൈതന്യവും പ്രാർത്ഥനാന്തരീക്ഷവും നിറഞ്ഞുനിൽക്കുന്ന ഈ കൊച്ചു ഭവനം ഏറെ മനോഹരവും ലളിതവുമാണ്.

പരി. അമ്മയുടെ മാദ്ധ്യസ്ഥ്യം വഴി ധാരാളം ദൈവകൃപ വർഷിക്കപ്പെടുന്ന ഒരു ആലയമായി ഈ കപ്പേള തുടരട്ടെ. വ്യക്തിപരമായ ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും രൂപതയിലും നല്ലൊരു ക്രിസ്തീയജീവിതം നയിക്കുന്നതിനു ഹൃദയങ്ങളെ ശക്തിപ്പെടുത്തുവാനും രൂപാന്തരപ്പെടുത്തുവാനും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം നമ്മെ സഹായിക്കട്ടെ. ഇരിങ്ങാലക്കുട രൂപതയിൽ ഷേൺസ്റ്റാട്ട് സഭാസമൂഹം ചെയ്യുന്ന എല്ലാ ശുശ്രൂഷകളെയും വിലമതിക്കുന്നു. മാതാവിലൂടെ ദൈവജനത്തെ യേശുവിലേക്ക് നയിക്കുന്ന ഷേൺസ്റ്റാട്ട് വൈദികരുടെ എല്ലാ പരിശ്രമങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

+ Pauly Kannookadan

**മാർ പോളി കണ്ണൂക്കാടൻ**
**ഇരിങ്ങാലക്കുട രൂപതാ മെത്രാൻ**

ഇരിങ്ങാലക്കുട
25.09.2019

# മരിയദൂത്

**ഒരു ഷേൺസ്റ്റാട്ട് ത്രൈമാസിക**

**2019 ഓഗസ്റ്റ് – സെപ്തംബർ – ഒക്ടോബർ**


രക്ഷാധികാരി
**വെ. റവ. ഫാ. ജോയ് മടത്തുംപിടി** ISch

ചീഫ് എഡിറ്റർ
**ഫാ. ജോസ് പീറ്റർ അരഞ്ഞാണിയിൽ** ISch
Mob: 9400417552

എഡിറ്റർ
**ഫാ. ഷാജൻ മാണിക്യത്താൻ** ISch

സർക്കുലേഷൻ മാനേജർ
**ഫാ. ബിനോയ് പാണേൽ** ISch

എഡിറ്റോറിയൽ ബോർഡ്
**റവ. ഡോ. ജോയ് പുതുശ്ശേരി** ISch
**ഫാ. ജിജു കിലുക്കൻ** ISch
**ഫാ. ബിജോയ് കൊട്ടേക്കുടിയിൽ** ISch
**ഫാ. പ്രവീൺ വാതേലിൽ** ISch




Cover Design
**Schoenstatt Media**

# താളുകളിലൂടെ......

**ലേഖനങ്ങൾ**

മാതാവ് ക്രൈസ്തവ ജീവിതത്തിന്റെ താളക്രമം - **മാർ ടോണി നീലങ്കാവിൽ**

എന്തുകൊണ്ട് ഷേൺസ്റ്റാട്ട്? - **ഫാ. ഹൊസല്ലോ മരിയ ISch**

ആളൂർ ബി.എൽ.എം കപ്പേള സുവർണ്ണ ജൂബിലി... - **ഫാ. ബാബു കളത്തിങ്കൽ ISch**

അതിജീവനത്തിന്റെ വഴിയിലൂടെ - വി. മറിയം ത്രേസ്യ - **സി. ഷിയോണ CHF**

Mi casa es tu casa – **ഫാ. തേജസ് പീടികത്തുണ്ടിയിൽ ISch**

നിൻ സങ്കേതം തേടി – **ഫാ. ബിബിൻ പറമ്പി ISch**

ഷേൺസ്റ്റാട്ട് അഥവാ സുന്ദരദേശം – **ഫാ. ജോസ് അരഞ്ഞാണിയിൽ ISch**

**കൂടാതെ...**

കവിത - **അഞ്ജന സാജൻ**

പ്രവാചക ചരിത്രം - **ഡോ. ജോയ് പുതുശ്ശേരി ISch**

ചിരിക്കാൻ ചിന്തിക്കാൻ - **ജെ.കെ.**

ബാലദൂത് - **ദോസ്ത്**

ഹൃദയമൊഴി - **ഡോ. ജോയ് പുതുശ്ശേരി ISch**

## എഡിറ്റോറിയൽ

# കൈമാറും തിരുനാളുകൾ

ആണ്ടുവട്ടത്തിലെ തിരുനാളുകളിൽ അധികവും പരിശുദ്ധ ദൈവമാതാവിനെ അനുസ്മരിക്കുന്നവയാണ്. ഒക്ടോബർ മാസത്തിലാകട്ടെ പരിശുദ്ധ അമ്മയെ എല്ലാ ദിവസവും പ്രത്യേകം ധ്യാനിക്കുന്ന ദിനങ്ങളാണ്.

ഷേൺസ്റ്റാട്ട് എന്ന സ്ഥലത്തെയും അതിന്റെ ആത്മീയപ്രസ്ഥാനത്തെയും കൂടുതൽ ശ്രദ്ധേയമാക്കുന്നതും ഒക്ടോബർ മാസമാണ്. 1914 ഒക്ടോബർ 18-ാം തിയതിയാണ് ജർമ്മനിയിലെ ഷേൺസ്റ്റാട്ട് എന്ന സ്ഥലത്തുള്ള മാതാവിന്റെ കപ്പേളയിൽ വച്ച് പരിശുദ്ധ അമ്മയ്ക്ക് തങ്ങളുടെ ജീവിതം പൂർണ്ണമായും നൽകികൊണ്ട് മരിയൻ സൊഡാലിറ്റി എന്ന സംഘടനയിലെ യുവജനങ്ങൾ സ്നേഹ ഉടമ്പടി എന്ന സമർപ്പണം നടത്തിയത്. പരിശുദ്ധ അമ്മയോടുള്ള ഈ സ്നേഹബന്ധമാണ് എല്ലാ ഷേൺസ്റ്റാട്ട് ആദ്ധ്യാത്മിക പ്രവർത്തനങ്ങളുടെയും അടിസ്ഥാനം. ഫാ. ജോസഫ് കെന്റണിഹ് എന്ന പള്ളോട്ടിൻ വൈദികന്റെ നേതൃത്വത്തിൽ ഷേൺസ്റ്റാട്ടിൽ ആരംഭിച്ച ഈ ആത്മീയ തരംഗം ലോകത്തിന്റെ പല ഭാഗങ്ങളിലേയ്ക്കും അലയടിച്ചു.

1968-ൽ ഇരിങ്ങാലക്കുട രൂപതയിലെ ഫാ. ജോസ് അക്കരക്കാരൻ എന്ന വൈദികൻ ഷേൺസ്റ്റാട്ടിന്റെ പ്രവർത്തനങ്ങളേയും അതിന്റെ സ്ഥാപകപിതാവായ കെന്റണിക്കച്ചനെയും നേരിൽ കാണുന്നതിനായി ജർമ്മനി സന്ദർശിച്ചു. എന്നാൽ അപ്രതീക്ഷിതമായി മരണമടഞ്ഞ കെന്റണിക്കച്ചന്റെ ഭൗതികശരീരം മാത്രമാണ് ഫാ. ജോസ് അക്കരക്കാരന് കാണാൻ കഴിഞ്ഞത്. ആ അനുഭവം ജോസച്ചൻ ഇങ്ങനെ കുറിക്കുന്നു; "ഞാൻ ശവമഞ്ചത്തിന്റെ വളരെ അടുത്ത് കുറേ സമയം പ്രാർത്ഥിച്ചു. ഫാദർ കെന്റണിക്കിന്റെ ജീവിതമാതൃക എന്നിൽ പകർത്തണം എന്ന പ്രതിജ്ഞ ഞാൻ അവിടെവച്ച് എടുത്തു." ഷേൺസ്റ്റാട്ട് എന്ന ആത്മീയ പ്രകാശത്തിന്റെ ഭാരതപ്രവേശനമായിരുന്നു ആ വാക്കുകൾ.

ഇന്ത്യയിൽ മടങ്ങിയെത്തിയ ഫാ. ജോസ് അക്കരക്കാരൻ, ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ കേന്ദ്രമായി നിലകൊള്ളുന്ന പ്രസാദവരനാഥയുടെ കപ്പേള ആളൂർ ബി.എൽ.എം-ൽ സ്ഥാപിച്ചു. ഷേൺസ്റ്റാട്ടിലെ പ്രഥമ കപ്പേളയുടെ രൂപം മനസ്സിൽ കണ്ട് മാത്രമായിരുന്നു ആളൂരിലെ ഷേൺസ്റ്റാട്ട് കപ്പേളയുടെ നിർമ്മിതി എന്നതിനാൽ മാതൃകപ്പേളയുടെ രൂപസാദൃശ്യങ്ങളിൽ നിന്നും ഏറെ വ്യത്യാസങ്ങളുണ്ടായിരുന്നു. എങ്കിലും 1969-ൽ ആളൂർ ബി.എൽ.എം-ൽ പണിത ഈ കപ്പേളതന്നെയാണ് ഇന്ത്യയിലെ ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികതയുടെ നാഴികകല്ലായി നിലകൊള്ളുന്നത്. 2019 ഡിസംബർ 6-ാം തിയതി ഈ ഷേൺസ്റ്റാട്ട് ആത്മീയ സൗധത്തിന് 50 വർഷങ്ങൾ തികയുകയാണ്. പ്രസാദവരനാഥയുടെ മാദ്ധ്യസ്ഥ്യം വഴി ലഭിച്ച കൃപാവർഷങ്ങൾക്കുള്ള നന്ദിയുടെയും സന്തോഷത്തിന്റെയും സുവർണ്ണ ജൂബിലിയാണിത്.

**ജോസച്ചൻ**

"വരുംകാലങ്ങളിൽ സഭയുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ
ഷേൺസ്റ്റാട്ട് കപ്പേളയുടെ സ്വാധീനം വലുതായിരിക്കും"





# മാതാവ് ക്രൈസ്തവജീവിതത്തിന്റെ താളക്രമം

ബിഷപ്പ് മാർ ടോണി നീലങ്കാവിൽ

**എ**ല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും (ലൂക്കാ 1, 48). ഈ വചനത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട്, ഒക്ടോബർ മാസത്തിലെ ജപമാലമാതൃഭക്തി കേരളത്തിലെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും വളരെ ആഘോഷമായി നാം ആചരിക്കാൻ തുടങ്ങിയിട്ട് ഏതാനും നാളുകളായി. എന്നാൽ, ആർഭാടങ്ങളുടെ ലോകത്ത് ആർഭാടത്തിനുള്ള ഒരവസരം കൂടിയായി ചിലപ്പോഴെങ്കിലും ഈ ജപമാലമാസാചരണം മാറുന്നുണ്ടോ എന്ന സംശയം അസ്ഥാനത്തല്ല. കുടുംബയൂണിറ്റിലെ ജപമാല സമാപനത്തിന് അലങ്കാരങ്ങളും ജപമാലക്ക് ശേഷം എല്ലാവർക്കു വിളമ്പിയ ബിരിയാണിയുമടക്കം ഒരു ലക്ഷത്തിലധികം രൂപ ചിലവായി എന്ന് ആ യൂണിറ്റിലെ ഒരു പ്രമാണി തികഞ്ഞ അഭിമാനത്തോടെ എന്നോട് പറഞ്ഞപ്പോൾ ഞാൻ മൂക്കത്ത് വിരൽ വച്ചുപോയി. ജീവിതഗന്ധിയല്ലാത്ത കേവലം ഒരു ആചരണമോ ആഘോഷത്തിനുള്ള ഒരു കാരണമോ ആയി ജപമാല തരം താഴുന്നുണ്ടോ?

'പ്രഭാതത്തിലും പ്രദോഷത്തിലും മാത്രമല്ല, ദിവസം മുഴുവനും, അതുമല്ലെങ്കിൽ സമയം കിട്ടുമ്പോഴെല്ലാം ജപമാല ചൊല്ലിയിരുന്ന മുതിർന്നവരെ കണ്ടാണ് നാം വളർന്നത്. ജപമാല ചൊല്ലി ജോലി ചെയ്യുന്നവരെയും നാം കണ്ടിട്ടുണ്ട്. എന്നാൽ, നാം മുതിർന്നപ്പോൾ അങ്ങിനെയുള്ളവരുടെ എണ്ണം കുറഞ്ഞു കാണുന്നു' - എന്റെ അടുക്കൽ ഇങ്ങനെ പരിതപിച്ചത് മുതിർന്നവരിലൊരാൾ തന്നെയാണ്. ആഘോഷമോ ആർഭാടമോ അല്ല, നമ്മുടെ ക്രൈസ്തവജീവിതത്തിന്റെ താളം തന്നെയാണ് ജപമാല എന്ന് തിരിച്ചറിയാനാണ് ജപമാല മാസം നമ്മെ ക്ഷണിക്കുന്നത്.

2002-ലെ ജപമാല വർഷത്തോടനുബന്ധിച്ച് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പുറത്തിറക്കിയ പ്രബോധനമാണ് *റൊസാരിയും വിർജിനിസ് മരിയെ*. അതിൽ മാർപാപ്പാ മൂന്നു പ്രാവശ്യം ആവർത്തിക്കുന്ന വാക്യമാണ് 'ജപമാല നമ്മുടെ ജീവിതത്തിന്റെ താളമാകണം' എന്നത്. അതുവഴി, നാം മൂന്നു തരത്തിൽ ദൈവവുമായി ഒന്നായിത്തീരുന്നു (നമ്പ.25) - പരി. ത്രിത്വത്തിന്റെ കൂട്ടായ്മയോട്, ദൈവികപദ്ധതികളോട്, നമ്മുടെ ജീവിതത്തിന്റെ ശരിയായ അഭിലാഷങ്ങളോട്. 2016-ലെ കൊന്തമാതാവിന്റെ തിരുന്നാൾ ദിവസം ഫ്രാൻസിസ് പാപ്പാ ട്വീറ്റ് ചെയ്തതിങ്ങനെ: എന്റെ ജീവിതത്തിൽ എപ്പോഴും പിന്തുടർ ന്നുകൊണ്ടിരിക്കുന്ന പ്രാർത്ഥനയാണ് ജപമാല. അത് സാധാരണക്കാരുടെയും വിശുദ്ധരുടെയും പ്രാർത്ഥനയാണ്. എന്റെ ഹൃദയത്തിന്റെ പ്രാർത്ഥനയാണത്.

ക്രിസ്തുവിന്റെ മുഖം മറിയത്തോടൊപ്പം ധ്യാനിക്കുകയാണ് ജപമാലയിലൂടെ നാം ചെയ്യുന്നത്. *നോവോ മില്ലേന്നിയോ ഇനേയുന്തെ*യിൽ (2001) വി. ജോൺ പോൾ രണ്ടാമൻ നമ്മോട് പറയുന്നതിപ്രകാരമാണ്: ക്രിസ്തുവിന്റെ മുഖം ധ്യാനിക്കുക (Contemplate the


"പരി. അമ്മയുടെ സ്വാധീനം നമ്മെ ഓരോരുത്തരെയും
സ്വതന്ത്രവും ഉറച്ചതുമായ ക്രിസ്തീയവ്യക്തിത്വങ്ങളാക്കി രൂപപ്പെടുത്തും"



face of Chirst). 2002-ലെ *റൊസാരിയും വിർജി നിസ് മരിയെ* യിലും സമാനമായി പറയുന്നതി പ്രകാരമാണ്: മറിയത്തോടൊപ്പമിരുന്ന് ക്രിസ്തുവിന്റെ മുഖം ധ്യാനിക്കുക. (Sit with Mary and contemplate the face of Christ). പരി. അമ്മയുടെ മുഖത്തുനിന്നാണ് നാം പ്രാർത്ഥിക്കുവാൻ പഠിക്കേണ്ടത്.

അല്ലെങ്കിലും അമ്മമാരുടെ മുഖത്ത് നിന്ന് പ്രാർത്ഥിക്കുവാൻ പഠിക്കുന്നവരാണ് നാം. കൊച്ചുത്രേസ്യ തന്റെ ആത്മകഥയിൽ പറയുന്നതിപ്രകാരമാണ്: ഞാൻ ആദ്യമായി പ്രാർത്ഥിക്കാൻ പഠിച്ചത് അമ്മയുടെ മുഖത്തു നിന്നാണ്. കുഞ്ഞുനാളിൽ, പള്ളിയിൽ അമ്മയോടൊപ്പം പ്രാർത്ഥിക്കുവാൻ പോയ ത്രേസ്യാകുഞ്ഞിന് പ്രാർത്ഥന എന്തെന്നറിയി ല്ലായിരുന്നു. എന്നാൽ, അവൾ അമ്മയുടെ മുഖത്തുനോക്കിയപ്പോൾ കണ്ട അഭൗമികത അമ്മയെപ്പോലെ മുട്ടുകൾ മടക്കുവാനും കരങ്ങൾ കൂപ്പാനും പാതിയടഞ്ഞ കണ്ണു കളോടെ ദൈവത്തെ തേടാനും അവളെ പ്രചോദിപ്പിച്ചു.


പരി. അമ്മയാകട്ടെ, പ്രത്യേക വിധത്തിൽ കർത്താവിന്റെ മുഖം ധ്യാനിക്കുവാൻ നമ്മെ പ്രാപ്തയാക്കും. കാരണം, ക്രിസ്തുവിന്റെ മുഖം പ്രത്യേകവിധത്തിൽ മറിയത്തിന്റേതാണ്; അവളിൽ നിന്ന് രൂപം കൊണ്ടതാണ്. അമ്മ യോടൊപ്പം ജപമാല ചൊല്ലി ധ്യാനിക്കുന്നവർ അമ്മയുടെ മുഖകാന്തി സ്വന്തമാക്കും; അത് ക്രിസ്തുവിന്റെ മുഖപ്രസന്നതയിൽ നിന്ന് വിഭിന്നമാകില്ല. ഒരമ്മ അലക്കുമ്പോഴും അടുക്കളയിൽ പണിയെടുക്കുമ്പോഴും കുഞ്ഞിൽ നിന്ന് അവളുടെ ശ്രദ്ധ മാറുന്നില്ല. കുഞ്ഞ് ഉറക്കമുണർന്നാൽ, കരഞ്ഞാൽ, അപ്പുറത്തുള്ള അമ്മക്ക് അത് അനുഭവപ്പെടും. ചെയ്തിരുന്ന ജോലി മാറ്റിവച്ച് അവൾ കുഞ്ഞി നടുത്തേക്ക് ഓടിച്ചെല്ലും. അതുപോലെയാണ് പരി. അമ്മയുടെ ജീവിതവും. അവളുടെ



ജീവിതം പൂർണമായും ക്രിസ്തുവിലേക്ക് ട്യൂൺ ചെയ്യപ്പെട്ടതാണ് (റൊസാരിയും... 10). പല വികാരങ്ങളോടെയാണ് അവൾ അവനെ നോക്കിയിട്ടുള്ളത്. പ്രസവിച്ചതിനു ശേഷം യൗസേപ്പിതാവ് അവനെ അവളുടെ കരങ്ങളിൽ ആദ്യമായി കൊടുത്തപ്പോൾ അത്ഭുതത്തോടെ അവൾ അവനെ നോക്കിയിട്ടുണ്ടാകണം (ലൂക്കാ 2, 7); പന്ത്രണ്ടു വയസ്സിൽ കാണാതായി കണ്ടുകിട്ടിയപ്പോൾ ചോദ്യരൂപത്തിൽ അവൾ അവനെ നോക്കി (ലൂക്കാ 2, 48); കാനായിലെ കല്യാണവിരുന്നിൽ വീഞ്ഞു തീർന്നുപോയ വിവരം ഈശോയോട് പറഞ്ഞപ്പോൾ അർത്ഥഗർഭമായി അവൾ ഈശോയെ നോക്കി (യോഹ. 2,5). എന്നാൽ, അവന്റെ കുരിശിൻ ചുവട്ടിൽ നിന്ന് തീവ്രമായ വേദനയാൽ അവൾ യേശുവിനെ നോക്കി (യോഹ. 19, 26-27). ഉത്ഥിതനായ യേശുവിനെ പ്രകാശ പൂരിതയായി അവൾ നോക്കി. ജപമാലയിലൂടെ ഈ നോട്ടങ്ങളെല്ലാം നമ്മുടേതുമാകണം.

മറിയം നോക്കുക മാത്രമല്ല ചെയ്തത്; അവന്റെ വാക്കുകളെയും ജീവിതത്തിലെ സംഭവങ്ങളെയും ഹൃദയത്തിൽ ധ്യാനിച്ചു സൂക്ഷിച്ചുവച്ചു (ലൂക്കാ 2, 19). ഈ ഓർമ്മ കളെ കോർത്തിണക്കി ധ്യാനിക്കുന്നതായിരുന്നു പരി. അമ്മയെ സംബന്ധിച്ചിടത്തോളം അവളുടെ ജപമാല. സുവിശേഷങ്ങളിലെ യേശുവിനെ ലളിതമായ രീതിയിൽ

ധ്യാനിക്കുന്നതാണ് നമുക്ക് നമ്മുടെ കരങ്ങളിലേന്തിയിരിക്കുന്ന ജപമാല. മറ്റുവിധത്തിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ സംക്ഷിപ്തമാണ് ജപമാല (റൊസാരിയും... 19). ജപമാലയിലൂടെ ക്രിസ്തുവിന്റെ ജീവിതത്തിന്റെ താളം നാം ധ്യാനാത്മകമായി കണ്ടെത്തുകയാണ് ചെയ്യുന്നത്; ആ താളം എന്റെ ജീവിതത്തിന്റെ താളമായി മാറുകയാണ്.



ജപമാല എന്റെ ജീവിതത്തിന്റെ താളമായി മാറുമ്പോൾ, ദൈവം നമ്മുടെ ജീവിതത്തിൽ നാം പ്രതീക്ഷിച്ചതിലും അധികം അനുഗ്രഹങ്ങൾ നൽകും. കാരണം, ഫ്രാൻസിസ് പാപ്പാ പറയുന്നതുപോലെ, ദൈവത്തിൽ നിന്ന് അനേകം 'സർപ്രൈസസ്' സ്വീകരിച്ചവളാണ് മറിയം. മംഗളവാർത്തയിൽ അവൾ ആത്മാർത്ഥമായാണ് ചോദിച്ചത്: ഇത് എങ്ങിനെ സംഭവിക്കും? ദൈവത്തിന് മാംസം ധരിക്കാനുള്ളവളെ മാളികകളിലും



കൊട്ടാരങ്ങളിലുമല്ലേ തേടേണ്ടത് എന്നവൾ ചിന്തിച്ചു. എന്തുകൊണ്ട് താൻ? സ്വന്തം വഴികൾ തേടാതെ ദൈവത്തിന്റെ താളം തിരിച്ചറിഞ്ഞവരിൽ മാത്രമേ ദൈവത്തിന് ഇടപെടാനാകൂ. "നിന്റെ ഹിതം പോലെ എന്നിൽ നിറവേറട്ടെ" എന്ന് ഏറ്റുപറഞ്ഞപ്പോൾ ദൈവം അവളിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചു. അല്ല, ദൈവപുത്രൻ തന്നെ അവളിൽ ഉരുവായി. "കർത്താവ് അരുളിച്ചെയ്തത് നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1, 45). തുറവിയുള്ളവരായിരിക്കുക; ദൈവം നടത്തിക്കൊള്ളും എന്ന് വിശ്വസിക്കുക - അതാണ് ജപമാലയിലൂടെ ദൈവത്തിൽ നിന്ന് 'സർപ്രൈസസ്' സ്വീകരിക്കാൻ നാം ചെയ്യേണ്ടത്.

# എന്തുകൊണ്ട് ഷേൺസ്റ്റാട്ട്?



**ഫാ. ഹൊസല്ലോ മരിയ ISch**
ജനറൽ കൗൺസിലർ, ഷേൺസ്റ്റാട്ട് ഫാദേഴ്സ്

***ഈ*** ലേഖനാരംഭത്തിൽ തന്നെ ആമുഖമായി രണ്ടു വാക്കുകൾ കുറിക്കട്ടെ. ആദ്യമായി ഇതൊരു മത്സരാഭിമുഖ്യത്തോടെ എഴുതുന്നതല്ല. 'എന്തുകൊണ്ട് ഷേൺസ്റ്റാട്ട്?' എന്ന ചോദ്യം നമ്മൾ ഉയർത്തുമ്പോൾ, സഭയിലെ ഏറ്റം അനുപമവും ശ്രേഷ്ഠവുമായ ഒരു കാരിസമായി നിങ്ങൾ ഇതിനെ കാണേണ്ടതുമില്ല. അതൊരിക്കലും വാസ്തവമല്ലതാനും. കാരണം ദൈവഹിതപ്രകാരം ജന്മംകൊണ്ട് അതിസമ്പന്നമായ കാരിസങ്ങളും ആദ്ധ്യാത്മികതകളും ഒട്ടനവധി ഉണ്ട്.

ശാശ്വതവും പൗരാണികവുമായ കാരിസങ്ങൾ സഭാജീവിതത്തെ എന്നും പുഷ്ടിപ്പെടുത്തിയിട്ടുണ്ട്. കാലത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി രൂപംകൊണ്ട് മാഞ്ഞുപോയ കാരിസങ്ങളും സഭാചരിത്രത്തിലിടം പിടിച്ചിട്ടുണ്ട്. ഇപ്രകാരം ചിന്തിച്ചാൽ സഭാതനയർക്കുള്ള അമൂല്യമായ സമ്മാനമായി ഓരോ ആദ്ധ്യാത്മികതയേയും വിശേഷിപ്പിക്കാനാവും.

രണ്ടാമതായി, ഞാനൊരു ഷേൺസ്റ്റാട്ട് വൈദികനായതുകൊണ്ടും എന്റെ ആദ്ധ്യാത്മികത എന്റെ ജീവവായു ആയതുകൊണ്ടും ഈ ലോകത്തിന്റെ ഏറ്റവും അതിശയകരമായ ആദ്ധ്യാത്മികതയാണ് ഇത്. ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു; എല്ലാ ആദ്ധ്യാത്മികതയും അമൂല്യവും പ്രധാനപ്പെട്ടതും സഭാഗാത്രത്തെ പരിപോഷിപ്പിക്കുന്നതാണെങ്കിൽ കൂടിയും, സുവിശേഷത്തിൽ പ്രതിപാദിക്കുംവിധം 'വയലിൽ ഒളിഞ്ഞുകിടക്കുന്ന അമൂല്യനിധി' പോലെ–ഏറ്റവും ശ്രേഷ്ഠമായാണ് ഞാൻ അതിനെ കണക്കാക്കുന്നത്.

**എന്തുകൊണ്ട് ഷേൺസ്റ്റാട്ട്?** സമകാലീന സഭയ്ക്ക് നേട്ടവും കലുഷിതമായ ആധുനിക ലോകത്തെ സേവിക്കാൻ പര്യാപ്തവുമായ ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികതയെക്കുറിച്ചുള്ള നാലു കാര്യങ്ങളാണ് ഞാനിവിടെ പ്രതിപാദിക്കുന്നത്.

**1. ഷേൺസ്റ്റാട്ട് ഒരു മരിയൻ ആദ്ധ്യാത്മികതയാണ്.** പരിശുദ്ധ അമ്മയാണ് ഷേൺസ്റ്റാട്ട് കാരിസത്തിന്റെ കേന്ദ്രം. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, ജർമ്മനിയിലെ റൈൻ നദീതീരത്തെ ചെറുഗ്രാമമായ ഫലന്തറിൽ സ്ഥിതി ചെയ്തിരുന്ന ഒരു കപ്പേളയെ തന്റെ വാസസ്ഥലമായി പരി. അമ്മ തെരഞ്ഞെടുത്തു. ഷേൺസ്റ്റാട്ട് എന്നു വിളിക്കപ്പെടുന്ന പ്രകൃതിരമണീയമായ ഒരു താഴ്വരയിലേക്കുള്ള ഈ കപ്പേളയിലിരുന്നുകൊണ്ട്, തന്റെ സന്നിധേ അണയുന്ന ഏവർക്കും പ്രത്യേക അനുഗ്രഹങ്ങൾ നൽകാൻ പരിശുദ്ധ അമ്മ ആഗ്രഹിക്കുന്നു. ഈ അനുഗ്രഹങ്ങൾ പ്രാപിക്കാൻ ജർമ്മനിയിലേക്ക് നാം പോകേണ്ടതുണ്ടോ? ഒരിക്കലുമില്ല. ഈ പ്രഥമ കപ്പേളക്കുശേഷം, ലോകമെമ്പാടും–ഷേൺസ്റ്റാട്ട് കപ്പേളയുടെ അതേ ആകൃതിയിൽ – പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനായി – മാതൃകാ

"എന്റെ ശവകുടീരത്തിൽ ആലേഖനം ചെയ്യപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നത്,
'അവൻ സഭയെ സ്നേഹിച്ചു' എന്നാണ്"



കപ്പേളകൾ നിർമ്മിക്കപ്പെട്ടിരിക്കുന്നു. കേരള ത്തിലും ഇപ്രകാരമുള്ള കപ്പേളകൾ ഉണ്ട്. അവിടെനിന്നും പരിശുദ്ധ അമ്മയുടെ പരിപാലനവും സ്നേഹവും ശക്തിയും നമുക്ക് അനുഭവവേദ്യമാകും.

**യേശു ഉള്ളപ്പോൾ എന്തുകൊണ്ട് പരിശുദ്ധ അമ്മ?** – ഇതൊരു മത്സരമല്ല എന്നു ഞാൻ വീണ്ടും നിങ്ങളെ ഓർമ്മപ്പെടുത്തട്ടെ. യേശു വിനെ സ്നേഹിക്കുന്നവർ യേശുവിന്റെ അമ്മ യേയും സ്നേഹിക്കുമെന്നത് സുവ്യക്തമാണ്. കാൽവരിയുടെ വിരിമാറിൽ താൻ തലചായ്ക്കും മുമ്പ് നമുക്കുള്ള അമൂല്യനിധിയായിട്ടാണ് ഈശോ പരിശുദ്ധ അമ്മയെ നൽകിയതെന്ന് ഈശോയെ സ്നേഹിക്കുന്ന ഏവർക്കും അറിയാം. സഭയുടെ അമ്മയും പരിശുദ്ധ അമ്മ തന്നെ. എന്നാൽ ഏതാനും വേറെ ചില കാര്യങ്ങൾ ഞാൻ വിവക്ഷിക്കട്ടെ. സഭാ ചരിത്രത്തിലെ ഏറ്റവും പ്രസിദ്ധരായ എല്ലാ വിശുദ്ധരും തന്നെ പരിശുദ്ധ അമ്മയുമായി തീവ്രബന്ധം പുലർത്തിയിരുന്നവരാണ്. പരിശുദ്ധ അമ്മയെ ആദരിക്കുന്ന ഒരു രാജ്യത്തിനും വിശ്വാസം ത്യജിക്കേണ്ടി വന്നിട്ടില്ല. പരിശുദ്ധ അമ്മ തന്നിൽ ശരണ പ്പെടുന്നവരുടെ വിശ്വാസത്തെ സംരക്ഷിക്കു ന്നു. തന്റെ തിരുക്കുമാരനോടും തിരുസഭ യോടും ഏവരും ചേർന്നു നിൽക്കുന്നതിനാണ് പരിശുദ്ധ അമ്മ ഇപ്രകാരം ചെയ്യുന്നത്. അവിശ്വാസികളുടേയും സാത്താന്റേയും ലൗകീകതയുടെയും വിശ്വാസത്തിനെതിരായ പോരാട്ടങ്ങളെ പ്രതിരോധിക്കുന്നത് പരിശുദ്ധ അമ്മയാണ്. വിശുദ്ധ പൗലോസ് എഴുതിയതു പോലെ കലുഷിതമായ ഈ ലോകത്തിൽ വിശ്വാസത്തിനെതിരായ പോരാട്ടങ്ങളെ ചെറുത്തുതോൽപ്പിക്കാനും ക്രിസ്തുവിനോടും സഭയോടുമുള്ള ഐക്യത്തിൽ നമ്മെ ഉറപ്പിച്ചു നിർത്താനും സഹായിക്കുന്ന നങ്കൂരമാണ് പരിശുദ്ധ അമ്മ.

**2. ഷേൺസ്റ്റാട്ട് ഒരു പ്രസ്ഥാനമാണ്. ഇതെന്താണ് അർത്ഥമാക്കുന്നത്?** : നമ്മൾ ഒരു സന്യാസസമൂഹമോ, ആശ്രമമോ, ധ്യാനകേന്ദ്രം നടത്തുന്നവരോ ഒന്നുമല്ല. നമ്മൾ ഒരു പ്രസ്ഥാനം ആണ്. ഇതാണ് ഇക്കാലഘട്ടത്തിൽ അനുയോജ്യവും. മാനവകുലം നിരന്തരമായ പരിവർത്തന പാതയിലാണ്. ജോലിസ്ഥലങ്ങൾ മാറുന്നവർ, വീടുകൾ മാറുന്നവർ, ദേശങ്ങൾ മാറുന്നവർ, പ്രവാസികൾ എന്നിങ്ങനെ നിരന്ത രമായി പരിവർത്തനം ചെയ്യുന്ന ആളുകൾ ഉണ്ട്. ഒരു സ്ഥലത്ത് നിലയുറപ്പിക്കണമെന്ന് ആശിച്ചാലും സാധിക്കാത്ത കാലം. സ്വദേശത്തു നിന്ന് വിദൂരത്തിലായിരിക്കുമ്പോൾ തീർച്ച യായും നമുക്ക് സഹായം ആവശ്യമുണ്ട്. മാറ്റത്തിനു നിരന്തരവിധേയമായിക്കൊണ്ടിരി ക്കുന്ന ഈ കാലഘട്ടത്തിൽ കരുതലോടെ നമ്മൾ തയ്യാറായിരിക്കണം. എവിടെല്ലാം പോയാലും നമ്മെ അനുഗമിക്കുന്ന ആദ്ധ്യാത്മി കതയാണ് ഷേൺസ്റ്റാട്ടിനുള്ളത്. പരിശുദ്ധ അമ്മയും അമ്മയുടെ സാന്നിധ്യംപേറുന്ന ചിത്രവും എപ്പോഴും കൂടെ ഉണ്ടാവും. പെറ്റമ്മ നമ്മോടൊപ്പമില്ലെങ്കിലും സ്വർഗ്ഗീയ മാതാവ് തന്റെ തനയരോടൊപ്പം എപ്പോഴും ആയിരി ക്കാൻ ആഗ്രഹിക്കുന്നു. എല്ലായിടത്തും എക്കാലവും പരിപോഷിപ്പിക്കാവുന്ന ആചാര രീതികളാണ് ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികത മുന്നോട്ട് വയ്ക്കുന്നത്. തീവ്രമായ കുടുംബാന്ത രീക്ഷം ആണ് ഷേൺസ്റ്റാട്ടിന്റെ മുഖമുദ്ര. ഒരിട ത്തുനിന്ന് ഒരാൾ തീർത്തും അജ്ഞാതമായ വേറൊരിടത്ത് എത്തുമ്പോൾ, ആ പ്രദേശത്ത് ഒരു ഷേൺസ്റ്റാട്ട് കപ്പേള ഉണ്ടെങ്കിൽ ഈ സമൂഹത്തിന്റെ കുടുംബചൈതന്യത്തിന്റെ ഊഷ്മളതയും സൗകുമാര്യതയും അവിടെയും അയാൾ അനുഭവിക്കാൻ ഇടവരുന്നു.





**3. ഷേൺസ്റ്റാട്ട് ഒരു കുടുംബമാണ്** : മേൽ വിവക്ഷിച്ച കാര്യങ്ങൾക്കു പുറമേ ഒരു കുടുംബ മായാണ് ഷേൺസ്റ്റാട്ട് സ്വയം വിശേഷിപ്പിക്കുക. ഒരു കുടുംബം ആകാനാണ് സഭയും വിളിക്കപ്പെട്ടിരിക്കുന്നത്. ചിലപ്പോൾ ഇത് സംഭവ്യമാകുന്നു. ഏറെ ശ്രമകരമായകാര്യമാണിത്. എന്നാൽ ഷേൺസ്റ്റാട്ടിൽ ഒരു കുടുംബമാകാനും കുടുംബാന്തരീക്ഷം നിലനിർത്താനുമുള്ള നിരന്തര പ്രയത്നങ്ങൾ നടക്കുന്നു. ബന്ധങ്ങളുടെ ശൃംഖല ഈ ആദ്ധ്യാത്മികതയുടെ കാതലാണ്. ജീവിക്കുവാനും അഭിവൃദ്ധി പ്രാപിക്കാനും, ജീവിതം ആസ്വദിക്കാനും പരസ്പരം ബന്ധപ്പെടുവാനും പ്രവർത്തിക്കുവാനും ഇത് അനിവാര്യമാണ്. ദൈവത്തേയും സ്വർഗ്ഗീയ യാഥാർത്ഥ്യങ്ങളേയും അറിയുവാനും ഈ ബന്ധങ്ങളുടെ ശൃംഖല അനിവാര്യമാണ്. ഒരു മുത്തശ്ശി ഉള്ള ഭവനത്തിൽ ദൈവോന്മുഖരായി പിൻതലമുറയെ വാർത്തെടുക്കുന്നതിൽ അവർക്കുള്ള പങ്ക് നിർണ്ണായകമാണ്. പക്ഷേ കുടുംബമില്ലെങ്കിൽ ത്രിയേക ദൈവത്തെ ഒരു കുടുംബമായി മനസ്സിലാക്കുക സാധ്യമല്ല. ഒരു കുടുംബമില്ലെങ്കിൽ ഒരു പിതാവിന്റെ വാത്സല്യം അനുഭവവേദ്യമാകാത്തതുപോലെ, ദൈവത്തെ പിതാവായും യേശുവിന്റെയും നമ്മുടേയും പിതാവുമായി ഉൾക്കൊള്ളാൻ സാധിക്കില്ല. മറ്റുള്ളവരെ സ്നേഹിക്കേണ്ടതിന്റേയും ത്യാഗം സഹിക്കേണ്ടതിന്റേയും പ്രസക്തി കുടുംബത്തിൽ നിന്നല്ലാതെ അറിയുവാൻ കഴിയുകയില്ല. കുടുംബങ്ങൾ ശിഥിലമായികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, കുടുംബത്തെ ശ്രദ്ധിക്കുന്ന ഒരു ആദ്ധ്യാത്മികതയിൽ പങ്കാളിയാവുക എന്നത് ഇന്നിന്റെ ആവശ്യമായിരിക്കുന്നു. ഒരു കുടുംബത്തെ സംജാതമാക്കാനാണ് ഷേൺസ്റ്റാട്ട് പരിശ്രമിക്കുന്നത്. കുടുംബ



ങ്ങൾക്കു വേണ്ടിയുള്ള ആദ്ധ്യാത്മികയാണെങ്കിൽ കൂടിയും, വിവിധ പ്രായത്തിൽപ്പെട്ട ആളുകളുമായി വ്യത്യസ്ത രീതിയിൽ പ്രവർത്തിക്കുമ്പോഴും ഒരു വലിയ കുടുംബം എന്ന നിലയിൽ നാം ഒരുമിച്ചു കൂടുന്ന അനവധി സന്ദർഭങ്ങളുണ്ട്. കപ്പേളയിൽ നിന്നും കുടുംബങ്ങളെ സൃഷ്ടിക്കുവാനും പ്രചോദിപ്പിക്കുവാനും സംരക്ഷിക്കുവാനും അങ്ങനെ കുടുംബത്തിന്റെ സ്നേഹവും സൗകുമാര്യതയും സുവ്യക്തമാക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

**4. ഷേൺസ്റ്റാട്ട് ഒരു പ്രബോധന പദ്ധതിയാണ്:** എന്താണ് ഒരു പ്രബോധന പദ്ധതി അല്ലെങ്കിൽ ബോധനശാസ്ത്രം – ഇതൊരു പാഠ്യശൈലിയാണ്. മനുഷ്യവ്യക്തിത്വത്തിന്റെയും ബന്ധങ്ങളുടേയും വിവിധ തലങ്ങളെ വിശ്വാസം സ്പർശിക്കുമെന്നതിനാൽ ഇത് വിശ്വാസവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസത്തിന് സ്നേഹവുമായും ബന്ധമുണ്ട്. വൈകാരിക പക്വത നമുക്ക് നേടാൻ സമുന്നത വ്യക്തിത്വങ്ങളായി നമ്മൾ മാറുകയും കുടുംബത്തിനും സമൂഹത്തിനും നാടിനും പ്രയോജനമതികളായി തീരുകയും ചെയ്യുന്നു. ■

***(ലേഖനത്തിന്റെ മലയാളപരിഭാഷ തയ്യാറാക്കിയത് ഫാ. ബിജോയ് കൊട്ടേക്കുടിയിൽ ISch)***



# ആളൂർ ബി.എൽ.എം കപ്പേള
# സുവർണ്ണ ജൂബിലി നിറവിൽ

ഫാ. ബാബു കളത്തിങ്കൽ ISch

1969 ഡിസംബർ 6–ന് അഭിവന്ദ്യ മാർ ജോർജ്ജ് ആലപ്പാട്ട് പിതാവാണ് ബി.എൽ.എം -ലെ പ്രസാദവരനാഥയുടെ നാമധേയത്തിലുള്ള കപ്പേള ആശീർവദിച്ചത്. ഈ വർഷം (2019) കപ്പേളയുടെ സുവർണ്ണജൂബിലി വർഷമായി ആഘോഷിക്കുകയാണ് ഇതിനോടനുബന്ധിച്ച് ഒക്ടോബർ 26–ന് 3 മണിക്ക് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കപ്പേളയിൽ വച്ച് കൃതജ്ഞതാബലി അർപ്പിക്കുന്നു. മാതാവിന്റെ മക്കളായ നമുക്കേവർക്കും ഏറെ സന്തോഷം നല്കുന്ന നിമിഷമാണിത്.

**ഒരു തിരിഞ്ഞുനോട്ടം**

1968 ആഗസ്റ്റ് 28–ന് ആണ് ബഹുമാനപ്പെട്ട ജോസ് അക്കരക്കാരനച്ചൻ ജർമ്മിനിയിലെ ഷേൺസ്റ്റാട്ട് സന്ദർശിക്കാൻ പോകുന്നത്. ഭാരതത്തിൽ ഷേൺസ്റ്റാട്ട് പ്രസ്ഥാനം തുടങ്ങുന്നതിന് ജോസച്ചൻ ഉപകരണമാവുകയായിരുന്നു. ജർമ്മനിയിൽ എത്തിയ ജോസച്ചൻ ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ ആദ്ധ്യാത്മികതയെക്കുറിച്ചറിയുവാനും, ഒപ്പം അത് ഒരു അനുഭവമാക്കുവാനും തന്റെ വിലപ്പെട്ട സമയം ഉപയോഗിച്ചു. ഷേൺസ്റ്റാട്ട് പ്രസ്ഥാന സ്ഥാപകനായ ജോസഫ് കെന്റണിക്ക് അച്ചനെ നേരിട്ട് കാണുവാനുള്ള ജോസച്ചന്റെ തീവ്രമായ ആഗ്രഹം സ്ഥാപകന്റെ രോഗാവസ്ഥമൂലം സഫലമായില്ല. കെന്റണിക്കേച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുവാനേ ജോസച്ചന് സാധിച്ചുള്ളൂ.

ഷേൺസ്റ്റാട്ട് (മനോഹരമായ സ്ഥലം) താഴ്‌വരയിലെ വരപ്രസാദം ഒഴുകുന്ന കപ്പേളയിൽ ചിലവഴിച്ച നിമിഷങ്ങൾ, അവിടെ അനുഭവിച്ചറിഞ്ഞ ദൈവസാന്നിദ്ധ്യം, ഹൃദയങ്ങളിൽ സംജാതമാകുന്ന ശാന്തത, ലഭിക്കുന്ന ഗൃഹാതുരത്വവും അപ്പസ്തോലിക തീക്ഷ്ണതയും എല്ലാം തന്നെ ജോസച്ചനെ സ്പർശിച്ചു. മാതാവിന്റെ കപ്പേളയിലേയ്ക്ക് ഒഴുകി എത്തിയ തീർത്ഥാടകരുടെ ഭക്തിനിർഭരമായ ജീവിത സമർപ്പണവും വിശ്വാസചൈതന്യവും അദ്ദേഹത്തെ അത്ഭുതപ്പെടുത്തി.

**ബി.എൽ.എം കപ്പേള ദൈവാനുഗ്രഹ സ്രോതസ്സ്**

ഷേൺസ്റ്റാട്ട് പ്രസ്ഥാന ദർശനമായ 'പുതിയ മനുഷ്യനേയും പുതിയ സമൂഹത്തെയും' സൃഷ്ടിക്കാനുള്ള ചൈതന്യത്താൽ നിറഞ്ഞ് ജോസച്ചൻ നാട്ടിലേയ്ക്ക് യാത്ര തിരിച്ചു. മെച്ചപ്പെട്ട ജീവിതത്തിന് വേണ്ടിയുള്ള ലോക പ്രേഷിതത്വം ലക്ഷ്യം വച്ച് കൊണ്ട്, "സന്തോഷനിർഭരമായ പ്രതീക്ഷയോടെയും വിജയ സുനിശ്ചിതത്വത്തോടെയും പുതുയുഗത്തിലേയ്ക്ക് കാലെടുത്ത് വയ്ക്കാനു"ള്ള ഷേൺസ്റ്റാട്ട് സ്ഥാപക പിതാവിന്റെ ആഹ്വാനം അക്ഷരാർത്ഥത്തിൽ അദ്ദേഹം സ്വീകരിക്കുകയായിരുന്നു.

പരിശുദ്ധ അമ്മയ്ക്കും തിരുക്കുമാരനും ഒരു വാസസ്ഥലമൊരുക്കുക – ഷേൺസ്റ്റാട്ടിലെ പോലെ ഒരു കപ്പേള ആളൂർ ബി.എൽ.എം കുന്നിലും പണിയുക, അമ്മയെ അവിടെ പ്രതിഷ്ഠിക്കുക, ജനഹൃദയങ്ങളെ അമ്മയിലേയ്ക്ക് – അമ്മ വഴി യേശുവിലേയ്ക്ക് ആകർഷിക്കുക, ഈ അമ്മയ്ക്ക് സകലരേയും സമർപ്പിക്കുക, അമ്മയുടെ അനുഗ്രഹ ഭണ്ഡാരത്തിലേക്ക് പ്രാർത്ഥനകളും, കാഴ്ചകളും, കൃതജ്ഞതയും സമർപ്പിച്ചുകൊണ്ട് ഈ കപ്പേള വഴിയായി





അനുഗ്രഹം ചൊരിയുവാനായിട്ട് അവസരമൊരുക്കുക, സർവ്വോപരി ദൈവകേന്ദ്രീകൃതനായ പുതിയ മനുഷ്യനിലൂടെ ഒരു പുതുയുഗപിറവിക്കായി ആളൂരിലും മാതാവിന് ഇടം കൊടുക്കുക; അതായിരുന്നു ജോസച്ചന്റെ തീവ്രമായ ആഗ്രഹം.

തന്റെ ജ്യേഷ്ഠസഹോദരനായ ആന്റണി അക്കരക്കാരനച്ചനോടു ചേർന്ന് ആളൂരിലെ 'അച്ചന്റെ കുന്നിൽ' പ്രസാദവരനാഥയുടെ നാമധേയത്തിൽ ഷേൺസ്റ്റാട്ട് കപ്പേള പണിതുയർത്തി. 1969 ഡിസംബർ 6–ന് ആശിർവ്വാദവും നടന്നു. തുടർന്ന് ബി.എൽ.എം (Better life Movement) എന്ന പേരിൽ ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ അരൂപി ഉൾക്കൊണ്ടുകൊണ്ട് ഒരു ജീവിത നവീകരണ കേന്ദ്രവും ഇവിടെ സ്ഥാപിച്ചു. കേരള സഭയുടെ ആത്മീയ നവീകരണത്തിൽ ഒത്തിരി സന്യാസിനീസന്യാസികളെയും, വൈദികരേയും അത്മായരേയും വിശിഷ്യാ ആളൂർ നിവാസികളെയും ഒരു പുതുചൈതന്യം കൊണ്ടു നിറയ്ക്കുവാൻ ഈ കപ്പേളയെ ദൈവം അനുഗ്രഹത്തിന്റെ ഇടമാക്കുകയായിരുന്നു.



**പ്രസാദവരനാഥയോടുള്ള സ്നേഹസമർപ്പണം.**

എല്ലാദിവസവും രാവിലെ ദിവ്യബലിക്കുശേഷമുള്ള സമർപ്പണവും പ്രാർത്ഥനയും, ഒപ്പം രാത്രി 9 മണിക്ക് ഉച്ചഭാഷിണിയിലൂടെ ഉണ്ടായിരുന്ന (കപ്പേളയ്ക്കു ചുറ്റും ഏകദേശം ഒരു കിലോമീറ്റർ ചുറ്റളവിൽ താമസിച്ചിരുന്ന ഏവർക്കും കേൾക്കാമായിരുന്നു) സമർപ്പണ നവീകരണവും ആരും മറന്നിട്ടുണ്ടാവുകയില്ല. മാതാവിന്റെ അനുഗ്രഹ ഭണ്ഡാരത്തിലേക്ക് ജീവിതത്യാഗങ്ങളും, കാഴ്ചകളും, ആവശ്യങ്ങളും, പ്രയത്നങ്ങളുമെല്ലാം കൊടുത്തുകൊണ്ട് വ്യക്തികളെയും, കുടുംബങ്ങളേയും മാതാവിന് സമർപ്പിക്കുവാൻ ജോസച്ചൻ സദാ ഉത്സുകനായിരുന്നു. ബി.എൽ.എം സെന്ററിൽ നടന്നുവന്നിരുന്ന ധ്യാനങ്ങളുടെ പരിസമാപ്തി മരിയൻ വഴിയിലും പ്രസാദവരനാഥയുമായുള്ള സ്നേഹസമർപ്പണത്തിലുമായിരുന്നു. ഒപ്പം തന്നെ ബി.എൽ.എം–ന് ചുറ്റുമുള്ള കുടുംബങ്ങളെ നന്നായി ഒരുക്കി പ്രസാദവരനാഥയ്ക്ക് സമർപ്പിക്കുവാനും അതുവഴി അമ്മയുടെ അനുഗ്രഹം ഈ കുടുംബങ്ങളിലേയ്ക്ക് നിർഗളിക്കുവാനും അദ്ദേഹം പ്രയത്നിച്ചു. ബി.എൽ.എം കപ്പേള ആളൂർ നിവാസികൾക്ക്, ഇരിങ്ങാലക്കുട രൂപതയ്ക്ക്, കേരള സഭയ്ക്ക് ഒരു അനുഗ്രഹസ്രോതസ്സ് ആവുകയായിരുന്നു. ഇന്നും കപ്പേള ഒരു അനുഗ്രഹസ്രോതസ്സായി നിലനിൽക്കുന്നു.

പ്രസാദവരനാഥ ഈ കപ്പേളയിൽ നിന്നുള്ള തന്റെ പ്രവർത്തനം ഇന്നും അഭിരാമം തുടരുന്നു. അമ്മയുടെ പക്കൽ അനുഗ്രഹം തേടി വരുന്നവർ ഏറെയാണ്. കാലഘട്ടത്തിന്റെ മാറ്റത്തിലും ദൈവകേന്ദ്രീകൃതമായ ഒരു ജീവിതം കെട്ടിപ്പടുത്തുകൊണ്ട് പുതിയ സമൂഹസൃഷ്ടിയ്ക്കായി അനുഗ്രഹ പൂമഴ ചൊരിയുവാൻ പ്രസാദവരനാഥ ഇട വരുത്തട്ടെ എന്ന് ഈ ജൂബിലി വർഷത്തിൽ നമുക്ക് ആശിക്കാം, പ്രാർത്ഥിക്കാം. ഈ ലക്ഷ്യപ്രാപ്തിക്കായി അമ്മയുടെ അനുഗ്രഹ ഭണ്ഡാരത്തിലേയ്ക്ക് നമ്മെത്തന്നെ പൂർണ്ണമായ് കാഴ്ചയേകീടാം, നമ്മുടെ ജീവിത സമർപ്പണം പുതുക്കാം. അമ്മയുടെ ദാസൻ / ദാസി ഒരിക്കലും നശിച്ചു പോവുകയില്ല. ●

# അതിജീവനത്തിന്റെ വഴിയിലൂടെ വി. മറിയം ത്രേസ്യ



സി. ഷിയോണ CHF

**കാ**ലഹരണപ്പെട്ടുപോയവയെ വീണ്ടെടുക്കാനുള്ള പ്രയത്നമാണ് ഇന്നിന്റെ വെല്ലുവിളിയും അതിജീവനവും. വിശുദ്ധനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ 'കുടുംബം ഒരു കൂട്ടായ്മ' എന്ന ശ്ലൈഹികാഹ്വാനത്തിൽ നിന്ന് ഉരുതിരിഞ്ഞ കുടുംബദർശനമെന്നത് "കുടുംബമേ നീ എന്താണോ അതായിതീരുക" എന്നതാണ്. ലോകാസക്തിയിൽ മലീമസമാക്കപ്പെട്ടുപോയവയെ കണ്ടെത്തുകയും ചലനാത്മകമായ പുതുവഴികളിലൂടെ മനുഷ്യജീവിതത്തെ വീണ്ടെടുക്കുകയുമാണ് ഇന്നിന്റെ നിയോഗം. അതു തന്നെയാണ് ഓരോ കുടുംബത്തിന്റെയും സാക്ഷ്യജീവിതവും. ജാതിയുടേയും മതത്തിന്റേയും അതിർവരമ്പുകൾക്കിടയിൽ ഞെരിഞ്ഞമർന്ന് ഉന്നതനെന്നും അധമനെന്നുമുള്ള നെരിപ്പോടിൽ സ്ഫുടം ചെയ്ത ഒരു കാലഘട്ടത്തിന്റെ ചിത്രമാണ് ഒരു നൂറ്റാണ്ടിനപ്പുറം കണ്ടെത്താനാവുക. തരം തിരിവുകളുടെ സൂക്ഷ്മ രാഷ്ട്രീയത്തെ ധീരമായി നേരിട്ട് പാവപ്പെട്ടവന്റെ കുടിലിലേയ്ക്കും സമ്പന്നന്റെ ജീവിതത്തിലേയ്ക്കും പ്രവാചക ധീരതയോടെ ഇറങ്ങിത്തിരിച്ച ഒരു ഗ്രാമീണ കന്യകയാണ് പുത്തൻചിറ മങ്കിടിയാൻ കുടുംബത്തിലെ ത്രേസ്യ.

സ്വർഗ്ഗത്തിന്റെ കാഴ്ചകൾ അവളുടെ ഉൾക്കാഴ്ചകളായപ്പോൾ തന്റെ സിദ്ധിയും സാധനയും കർമ്മവീഥിയിലേക്കുള്ള അനർഘ നിക്ഷേപമാക്കി അവർ മാറ്റി. സമൂഹവും സ്വന്തബന്ധങ്ങളും കല്പിച്ച വിലക്കുകളെല്ലാം തൃണവത്ക്കരിച്ച് സ്വർഗ്ഗം കാണിച്ച വഴികളിലേക്ക് തിടുക്കത്തിൽ ചുവടുകൾ വച്ചപ്പോൾ സഭയിലും സമൂഹത്തിലും അവളുടെ ജീവിതം ഒരു ചോദ്യചിഹ്നമായി മാറി. പൈശാചിക പ്രവർത്തനങ്ങൾക്ക് വിധേയപ്പെട്ടവൾ എന്ന സഭാധികാരികളുടെ പരീക്ഷണാർത്ഥമുള്ള വാക്കുകളെ അനുസരണയോടെ, വിധേയത്വത്തോടെ ഏറ്റെടുത്തപ്പോൾ സ്വർഗ്ഗം നിത്യ വിശുദ്ധിയുടെ മുദ്ര അവളുടെമേൽ പതിച്ചു. ദൈവത്തെ കണ്ടവരും ദൈവം കണ്ടവരുമായ മനുഷ്യനാവുക എന്നത് ലോകദൃഷ്ടിയിൽ ക്ലേശകരമാണ്. ലോകത്തിന്റെ ക്ലേശങ്ങൾ നൂറിരട്ടി പ്രതിഫലത്തിനുള്ള ഈ സാദ്ധ്യതകളാണെന്ന് തിരിച്ചറിയാനാവുക, ഉള്ളിൽ വിശുദ്ധിയുടെ അഗ്നി സൂക്ഷിക്കുന്നവർക്കാണ്. ഉള്ളിൽ വിശുദ്ധി കാത്തുസൂക്ഷിച്ച് വ്യത്യസ്തമായ വഴികളിലൂടെ സ്വർഗ്ഗം കവർന്നെടുത്ത ഒരു തപസ്വിനിയെയാണ് മറിയം ത്രേസ്യയിൽ കണ്ടെത്തുക.

"കൊച്ചമ്പ്രാട്ടി, ഏന്റെ അടുത്ത് വരരുത് ഏന് കുഷ്ഠാ" എന്ന് വിതുമ്പിയപ്പോഴും ചുരുട്ടികെട്ടിയ പായക്കെട്ടിനുള്ളിൽ നിന്ന് അർദ്ധപ്രാണന്റെ രോദനമുയർന്നപ്പോഴും കാൽവരിയിലെ ക്രൂശിതന്റെ പിടച്ചിലാണ് അവൾ കണ്ടത്. മരിച്ച് കിടക്കുന്ന സ്ത്രീയുടെ മാറിൽ അള്ളിപ്പിടിച്ച് കരയുന്ന കുഞ്ഞിന്റെ രോദനത്തിൽ "ഇതാ നിന്റെ മകൾ" എന്ന് അവൾ ആവർത്തിച്ച് കേട്ടിരിക്കാം. "ആരോരുമില്ലാ

ത്തവരെ സഹായിച്ചാൽ ദൈവം തരുന്ന കൂലി എത്രമാത്രമെന്ന് പറയാൻ മേല" എന്ന ആപ്ത വാക്യം അന്നേ തിരുകുടുംബ സന്യാസിനി സമൂഹത്തിൽ ആലേഖിതമായി. തകർന്നടിയുന്ന കുടുംബങ്ങളേയും വ്യക്തി ജീവിതങ്ങളേയും നോക്കിക്കൊണ്ട് "നീ അനാഥയല്ല" എന്ന് പറയുവാൻ മറിയം ത്രേസ്യയ്ക്ക് കഴിഞ്ഞിരുന്നു.

അനാഥമാക്കപ്പെട്ട വ്യക്തികളും കുടുംബങ്ങളും അവളുടെ മാതൃത്വത്തിൽ അഭയം തേടി. ഒരു നൂറ്റാണ്ട് മുമ്പേ കുടുംബങ്ങളിലേയ്ക്ക് കടന്നു ചെന്ന വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയിലൂടെ സഭ ഒരു നൂതന പ്രേഷിത സംരംഭത്തെ വാർത്തെടുക്കുകയായിരുന്നു. ഏതൊക്കെ പ്രസ്ഥാനങ്ങൾ നിലച്ചാലും എന്തെല്ലാം ആശയങ്ങൾ ഇല്ലാതായാലും ലോകം നിലനിൽക്കുന്നിടത്തോളം കാലം നീണ്ടുനിൽക്കുന്ന ഒരു സംവിധാനമാണ് കുടുംബമെന്നുള്ളത് തർക്കമില്ലാത്ത ഒരു വിഷയം തന്നെ.

വീടിന്റെ ഉമ്മറപ്പടിപോലും പെണ്ണിന് നിഷേധിക്കപ്പെട്ട് അടുക്കളയിൽ സ്ത്രീ അടങ്ങിയിരുന്ന കാലം. ഈ കാലഘട്ടത്തെ വെല്ലുവിളിച്ച് വീടുവീടാന്തരം കയറിയിറങ്ങുക എന്നത് അപഹാസ്യവും അപമാനവുമായാണ് ലോകം വീക്ഷിച്ചത്. ലോകത്തിന്റെ അപഹാസ്യങ്ങൾ ഏറ്റെടുത്തപ്പോഴെല്ലാം "ഈ ലോകബഹുമാനം ഞാൻ ആഗ്രഹിക്കുന്നില്ല. പരലോകബഹുമാനം കിട്ടണമെന്ന് വളരെ കൊതി" എന്ന മനോഭാവം ത്രേസ്യയിൽ തെളിഞ്ഞുവരികയായിരുന്നു.

സാംസ്കാരികവും ആത്മീയവുമായ ഉന്നമനത്തിന് വിപ്ലവം സൃഷ്ടിച്ചവളെ ലോകം കണ്ടത് ഇന്നത്തെ ഭാഷയിൽ താന്തോന്നിയായാണ്. എന്നാൽ വിശുദ്ധിയുടെ കിരണങ്ങൾ, അത് മുകളിൽ പ്രകാശിക്കുകയും പ്രഘോഷിക്കുകയും ചെയ്യുമെന്നതിന്റെ ഉദാത്ത ഉദാഹരണമാണ് 2019 ഒക്ടോബർ 13-ന് നടക്കുന്ന വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ വിശുദ്ധ പദവി പ്രഖ്യാപനം. വെല്ലുവിളികൾ നിറഞ്ഞ വഴികൾ തന്നെയാണ് സഭയുടെ എക്കാലത്തേയും ചരിത്രം. രക്തസാക്ഷികളുടെ ചുടുനിണത്താൽ വളർന്നുവന്ന സഭയും സഭാമക്കളും. നിരന്തരമായി വെല്ലുവിളികളെ അതിജീവിക്കുന്നു.

അതിസാങ്കേതികതയുടെ ഈ കാലഘട്ടത്തിൽ വർദ്ധിച്ചുവരുന്ന മാധ്യമവത്ക്കരണവും ലൗകിക അരാജകത്വവും കുടുംബങ്ങളെ നാൾക്കുനാൾ ഭീതിയിലേക്ക് വലിച്ചിഴക്കുന്നു. ആധുനികവത്ക്കരിക്കപ്പെട്ട ഈ കാലഘട്ടത്തിലാണ് വാ. മറിയം ത്രേസ്യയുടെ പ്രേഷിതത്വത്തിന് കൂടുതൽ അർത്ഥവും മൂല്യവും കൈവരുന്നത്. രണ്ടായിരത്തോളം വരുന്ന സമർപ്പിത സമൂഹം ഇന്ന് വാ. മറിയം ത്രേസ്യയുടെ പാതയിലൂടെ പുതുവഴികൾ വെട്ടിതുറക്കുകയാണ്.

തകർന്നടിയുന്ന കുടുംബങ്ങളുടെ വേദനയും നൊമ്പരവും ഏറ്റെടുത്ത ത്രേസ്യയ്ക്ക് ഇത്തരം കുടുംബങ്ങൾ അന്യമല്ല. പ്രക്ഷുബ്ധമായ മനസ്സിന്റെ വിങ്ങലുകളും തേങ്ങലുകളും അടർത്തിയെടുത്ത് ബലിവേദിയിലേക്ക് നടന്നു നീങ്ങിയ വാ. മറിയം ത്രേസ്യ ഇന്നും മനുഷ്യ ജീവിതത്തിന്റെ യഥാർത്ഥ മുഖചരായയുമായാണ് ബലിവേദിയിലേക്കു നടന്നുനീങ്ങുന്നത്.

അരനൂറ്റാണ്ട് കൊണ്ട് വിപ്ലവാത്മകമായ ചലനം സൃഷ്ടിച്ചവൾ ഇന്നും പകരക്കാരനില്ലാത്ത അമരക്കാരനെപ്പോലെ വിപ്ലവാത്മക സാന്നിദ്ധ്യമായി അൾത്താരയിലേയ്ക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. ഈ ഭാരതമണ്ണിൽ ജനിച്ച്, ജീവിച്ച് "തിരുക്കുടുംബ സന്യാസിനിസമൂഹമെന്ന" കൂട്ടായ്മയെ തിരുസഭയോട് ചേർത്തുവച്ച് ജീവിതത്തെ ഈ മണ്ണിലെ ഹോമയാഗമാക്കിയ കുടുംബങ്ങളുടെ മദ്ധ്യസ്ഥയാണ് വി. മറിയം ത്രേസ്യ. വെല്ലുവിളികളെ അതിജീവിക്കാനുള്ള അതിജീവനത്തിന്റെ വഴിയിൽ വി. മറിയം ത്രേസ്യ ഒരു സാക്ഷ്യമായ് നിൽക്കുന്നു. ഈ സാക്ഷ്യജീവിതം നമുക്ക് പ്രചോദനമാകട്ടെ. ●



"എന്തുകൊണ്ട് കുരിശുകളും സഹനങ്ങളും തരുന്നതെന്ന് ചിന്തിക്കാതെ
എന്തിനുവേണ്ടിയാണ് അവ എന്ന് ചോദിക്കുക"



# Mi casa es tu casa



**ഫാ. തേജസ് പീടികത്തുണ്ടിയിൽ ISch**

മെക്സിക്കോ സന്ദർശിക്കുന്ന ഏതൊരു വ്യക്തിയും ആദ്യം തന്നെ പോകുന്ന ഒരു സ്ഥലമാണ് ഗ്വാഡലൂപ്പെ മാതാവിന്റെ ബസലിക്ക. എന്നാൽ എനിക്ക് ആ ഭാഗ്യം ഉണ്ടായില്ല. ഞാൻ മെക്സിക്കോ എയർപോർട്ടിൽ നിന്നും 225 കി.മീ. അകലെയുള്ള കെരേത്താരോ എന്ന പട്ടണത്തിലെ ഷേൺസ്റ്റാട്ട് കപ്പേളയിൽ സേവനം ചെയ്യുവാനാണ് എത്തിയിരിക്കുന്നത്. അതുകൊണ്ട് ഗ്വാഡലൂപ്പെ യാത്രയ്ക്കു അനുയോജ്യമായ മറ്റൊരവസരത്തിന് കാത്തിരുന്നു.

അങ്ങനെയിരിക്കെ ഏകദേശം അഞ്ചുമാസങ്ങൾക്ക് ശേഷം ജൂലൈ 21-ന് ഞാൻ താമസിക്കുന്ന നഗരമായ കെരേത്താരോയിൽ നിന്ന് തെപ്പായാക് കുന്നിലുള്ള ഗ്വാഡലൂപ്പെ മാതാവിന്റെ അടുത്തേയ്ക്ക് തീർത്ഥാടനം നടത്താൻ ഒരു ഗ്രൂപ്പ് എന്നെയും ക്ഷണിച്ചു. 225 കി.മീ. തീർത്ഥയാത്ര - എട്ടു ദിവസത്തോളം നടന്ന് കൊന്തചൊല്ലിയും മാതാവിന്റെ സ്തുതിഗീതങ്ങൾ പാടിയും ഒരു യാത്രയായിരുന്നു അത്. മെക്സിക്കൻ ജനതയ്ക്കു പരിശുദ്ധ ദൈവാതാവിനോടുള്ള ഭക്തിയുടെ ആഴവും അർത്ഥവും വെളിപ്പെടുത്തുന്നതായിരുന്നു ആ യാത്ര. എഴുപതിനായിരത്തോളം ആളുകളാണ് തീർത്ഥാടകസംഘത്തിലുള്ളത്. അൻമ്പതും നൂറും വീതമുള്ള വിവിധ ഗണങ്ങളായി അവർ കൊന്തചൊല്ലി, പാട്ടുകൾ പാടി, നിർദ്ദേശങ്ങൾ പാലിച്ച് നടന്നു നീങ്ങുന്ന കാഴ്ച അത്ഭുതാവഹമായിരുന്നു. വിശ്രമവേളകളിലും നടക്കുമ്പോഴും ആളുകൾക്ക് കുമ്പസാരം നടത്തികൊടുത്തുകൊണ്ട് ഞാനും ആ തീർത്ഥാടന സംഘത്തിന്റെ ഭാഗമായി മാറി. ഗ്വാഡലൂപ്പെ മാതാവിനെ കാണാൻ അല്പം ത്യാഗം സഹിച്ചുകൊണ്ടുതന്നെ പോയേക്കാം എന്ന സ്വകാര്യ സന്തോഷത്തോടെയായിരുന്നു എന്റെ യാത്ര.

സാധാരണ മനുഷ്യരുടെ അസാധാരണ വിശ്വാസത്തിന്റെ പ്രതീകമായിരുന്നു പ്രസ്തുത തീർത്ഥാടനം. അറുപത്തിയഞ്ച് വർഷത്തിൽപരം മുടങ്ങാതെ എല്ലാ വർഷവും മാതാവിനെ കാണാൻ വരുന്നവരുണ്ട് ആ കൂട്ടത്തിൽ. വിശ്വാസവെളിച്ചം പകർന്നു നൽകാനായി കൊച്ചുമക്കളെ തോളിലേറ്റി നടക്കുന്നവർ, വീൽ ചെയറിൽ സഞ്ചരിക്കുന്നവർ, മക്കളുടെ കൈപിടിച്ച് നയിക്കുന്ന മാതാപിതാക്കന്മാർ... മാതൃസന്നിധിയിലേയ്ക്കുള്ള അവരുടെ യാത്ര അവിസ്മരണീയം തന്നെ! സ്ത്രീകൾ ഒരു ദിവസം മുൻപും പുരുഷന്മാർ ഒരു ദിവസം കഴിഞ്ഞുമാണ് യാത്ര തുടങ്ങുന്നത്. തീർത്ഥാടകർ നടന്നു പോകുന്ന ഗ്രാമങ്ങളും നഗരങ്ങളും നല്കുന്ന ആതിഥ്യമര്യാദ അമ്പരപ്പിക്കുന്നതായിരുന്നു.





മെക്സിക്കോയിൽ കണ്ടുമുട്ടുന്ന ഏതൊരാളുടേയും ഒരു വാചകമായിരുന്നു 'mi casa es tu casa' എന്റെ ഭവനം നിന്റെയും ഭവനം എന്ന്. ആ വാക്കുകളെ അന്വർത്ഥമാക്കുന്ന ഉപചാരാതിഥ്യമര്യാദകൾക്കൊണ്ട് അവർ സ്വന്തം ഭവനങ്ങൾ തീർത്ഥാടകർക്ക് വിശ്രമത്തിനും അന്തിയുറക്കത്തിനും തുറന്നിടുന്നു. ഭക്ഷണവും വെള്ളവും നൽകി യാത്രയാക്കുന്നു.

ഓരോ ദിവസവും 30 മുതൽ 40 വരെ കിലോമീറ്റർ നടപ്പും, കൊന്തചൊല്ലിയും പ്രാർത്ഥനകൾ ഉരുവിട്ടും അതിനിടയിലുള്ള വിശുദ്ധ കുർബ്ബാന, ആരാധന, കുമ്പസാരം – തികച്ചും ഭക്തിസാന്ദ്രമായ ഒരു തീർത്ഥാടനം. സാധാരണ മനുഷ്യന്റെ അനിതര സാധാരണമായ വിശ്വാസത്തിന്റെ ത്യാഗവഴികളിൽ സ്വയം മറക്കാതെ നിവൃത്തിയില്ലാതായി എനിക്ക്.

മാംസ ഭക്ഷണ പ്രിയരായ മെക്സികൻ ആളുകൾ സസ്യഭോജിയായ എനിക്ക് അത്തരം ഭക്ഷണങ്ങൾ കണ്ടെത്തിതരുന്നതിൽ മത്സരിച്ചു കൊണ്ടിരുന്നു. വൈദികരോടും സന്യസ്തരോടുമുള്ള ഇവരുടെ ആദരവും പരിഗണനയും പ്രശംസനീയം തന്നെയാണ്.

എട്ടുദിവസത്തെ പദയാത്രയ്ക്കു ശേഷം മാതൃസന്നിധിയിലേയ്ക്കുള്ള പ്രവേശനം ഒരു അതിവിശിഷ്ടവും വൈകാരികവുമായ അനുഭവവുമാണ്. അന്നേ ദിവസം 40 കി.മീ. നടപ്പിനു ശേഷം ഉച്ചയോടെ ബസലിക്കയിലെത്തുന്ന തീർത്ഥാടകരെ മെത്രാൻ ബാൽകണിയിൽ നിന്നും സ്വാഗതം ചെയ്യുന്നു. നിലവിളിച്ചും കണ്ണീരൊഴുക്കിയും മാതാവിന് ജയ് വിളിച്ചും പ്രാർത്ഥിച്ചും തീർത്ഥാടകരെല്ലാവരും ബസലിക്കയിൽ പ്രവേശിക്കുകയും അവരെ സ്വീകരിക്കാൻ എത്തിയിരിക്കുന്ന അവരുടെ കുടുംബാംഗങ്ങളോടൊപ്പം പരിശുദ്ധ അമ്മയുടെ അത്ഭുത ചിത്രം വണങ്ങി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

തീർത്ഥാടനത്തിൽ പങ്കെടുത്ത ബിഷപ്പുമാർക്കും വൈദികർക്കും മറ്റ് സഹയാത്രികർക്കുമൊപ്പം ഗ്വാഡാലൂപ്പെ മാതാവിന്റെ ബസലിക്കയിലെ ദിവ്യബലിയിൽ ചേരുമ്പോൾ നടന്നു






മടുത്ത ശരീരത്തിന്റെ ക്ഷീണത്തെ തോൽപ്പിക്കുന്ന അവാച്യമായ ഒരു അനുഭൂതി മനസിൽ നിറഞ്ഞ് നിന്നിരുന്നു.

'mi casa es tu casa' എന്റെ ഭവനം നിന്റെ ഭവനം എന്ന് മാതാവും പറയുന്നതുപോലെ ഒരു അനുഭവം. അതെ, തെപ്പായാക്കിലെ ആബസലിക്ക ലക്ഷങ്ങൾക്ക് ആലയവും അഭയവും ആകുന്നു. നിരാലംബർക്ക് ആശ്രയവും ശരണവുമാകുന്നു. വിശ്വാസ ജീവിത അപചയങ്ങൾ കടന്നു കയറ്റം നടത്തിക്കൊണ്ടിരിക്കുന്ന ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ വിശ്വാസ സംരക്ഷകയായി ഗ്വാഡാലൂപ്പെ മാതാവ് നിലകൊള്ളുന്നു.

ഒക്ടോബർ മാസത്തിൽ പരിശുദ്ധ അമ്മയോട് പ്രത്യേകം പ്രാർത്ഥിക്കുന്ന അവസരമാണല്ലോ. എല്ലാ ഷേൺസ്റ്റാട്ട് പ്രവർത്തനങ്ങളുടേയും മേൽവിലാസമായി നിലകൊള്ളുന്ന ഷേൺസ്റ്റാട്ട് കപ്പേളയിലും പരിശുദ്ധ അമ്മയെ പ്രത്യേകം വണങ്ങുന്നു. കപ്പേളയിൽ വാഴുന്ന പരിശുദ്ധ അമ്മ നാം ഓരോരുത്തരോടും പറയുന്നതും mi casa es tu casa – എന്റെ ഭവനം നിന്റേയും എന്നു തന്നെയാണ് എന്നതിൽ സംശയമില്ല. ഏവർക്കും പ്രസാദവരനാഥയുടെ തിരുനാൾ ആശംസകൾ നേരുന്നു. പ്രവർത്തന മേഖലയിലെ ഷേൺസ്റ്റാട്ട് മാതൃസാന്നിധ്യത്തെക്കുറിച്ച് മറ്റൊരവസരത്തിൽ പറയുവാൻ എനിക്ക് ആഗ്രഹമുണ്ട്.



■

## ആളൂർ ഷേൺസ്റ്റാട്ട് കപ്പേളയുടെ ജൂബിലി തിരുനാൾ

ഇന്ത്യയിലെ ഷേൺസ്റ്റാട്ട് സമൂഹത്തിന്റെ ആരംഭമായി നിലകൊള്ളുന്ന ആളൂർ പ്രസാദവരനാഥ കപ്പേളയുടെ സുവർണ്ണ ജൂബിലി 2019 ഒക്ടോബർ 26-ാം തിയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഇരിങ്ങാലക്കുട രൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യബലിയോടെ ആളൂർ ബി.എൽ.എം പ്രസാദവര നാഥയുടെ കപ്പേളയിൽ വച്ച് ആഘോഷിക്കുന്നു. ഏവരെയും സാദരം സ്വാഗതം ചെയ്യുന്നു.

# നിൻ സങ്കേതം തേടി



ഫാ. ബിബിൻ പറമ്പി ISch

പരി. അമ്മയുടെ പരിശുദ്ധമായ സാമീപ്യം കൊണ്ട് അനുഗ്രഹീതമായ സങ്കേതമാണ് ഷേൺസ്റ്റാട്ട് കപ്പേള. ഓരോ ഷേൺസ്റ്റാട്ട് കപ്പേളയും പരി. അമ്മയുമായി നാം നടത്തിയ നമ്മുടെ സ്നേഹ ഉടമ്പടിയെ ഓർമ്മിപ്പിക്കുന്നു. കാരണം അമ്മയുമായുള്ള ഓരോ സ്നേഹ ഉടമ്പടിയും നടത്തപ്പെടുന്നത് ഈ ഷേൺസ്റ്റാട്ട് കപ്പേളകളിൽ വച്ചാണ്. ഇരുനൂറിലധികം ഷേൺസ്റ്റാട്ട് കപ്പേളകളും പരി. അമ്മയുടെ വാസസ്ഥലമായി ഈ ലോകത്തിന്റെ പല ദേശങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ ഈ കൊച്ചു കേരളത്തിലും 3 കപ്പേളകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ദൈവപരിപാലനയുടെ കപ്പേള എന്നറിയപ്പെടുന്ന കുറ്റൂരിലുള്ള ഷേൺസ്റ്റാട്ട് കപ്പേള പരി. അമ്മയുടെ സങ്കേതമാണ്. നിരവധി ആളുകൾ അമ്മയെതേടി ഈ കപ്പേളയിലേക്ക് നിരന്തരം കടന്നുവരുന്നുണ്ട്. ഒക്ടോബർ 18-ാം തിയതിയെന്ന സ്നേഹ ഉടമ്പടി ദിനത്തിലേക്ക് നാം അടുക്കുമ്പോൾ ഈ കപ്പേളയുടെ പ്രത്യേകതകളെക്കുറിച്ചും കപ്പേളയുടെ ചരിത്രത്തെക്കുറിച്ചും കൂടുതലായി മനസിലാക്കാം, ധ്യാനിക്കാം. സ്നേഹ ഉടമ്പടി നവീകരണത്തിനായി നമ്മെതന്നെ ഒരുക്കാം.

ഒന്നാം ലോകമഹായുദ്ധത്തിന്റെ അരാജകത്വത്തിന്റെയും അരക്ഷിതത്വത്തിന്റെയും നടുവിൽ 1914-ൽ പരിശുദ്ധാത്മാവിനാൽ പ്രേരിതനായി ദൈവദാസനായ ഫാ. ജോസഫ് കെന്റണിക് അച്ചനാൽ സ്ഥാപിതമായ ഒരു കൊച്ചു സമൂഹമാണ് ഷേൺസ്റ്റാട്ട്. തന്റെ പൗരോഹിത്യത്തിന്റെ രണ്ടാം വർഷത്തിൽ ജർമനിയിലുള്ള ഷേൺസ്റ്റാട്ട് എന്ന സ്ഥലത്ത് 1912-ൽ പള്ളോട്ടിൻ സെമിനാരിയിൽ ആദ്ധ്യാത്മികപിതാവായി അദ്ദേഹം നിയമിതനായി. പ്രതിസന്ധികളും ഞെരുക്കങ്ങളും നിറഞ്ഞ ഈ കാലഘട്ടത്തിൽ ദൈവിക പരിപാലനയിലും പരി. മാതാവുമായുള്ള അടിയുറച്ച സ്നേഹത്തിലും വൈദികാർത്ഥികൾ വളർന്നുവരുവാൻ കെന്റണിക്കച്ചൻ അതികഠിനമായി യത്നിച്ചു. അങ്ങനെ മരിയൻ സൊഡാലിറ്റി എന്ന പ്രാർത്ഥനാ ഗ്രൂപ്പ് രൂപപ്പെടുത്തി. സെമിനാരി വളപ്പിൽ വി. മിഖായേൽ ദൂതന്റെ നാമധേയത്തിൽ സമർപ്പിക്കപ്പെട്ട ഒരു പഴയ കപ്പേള ഉപേക്ഷിക്കപ്പെട്ട നിലയിൽ ഉണ്ടായിരുന്നു. പൂന്തോട്ട നിർമ്മിതിക്കാവശ്യമായ പണിയായുധങ്ങൾ സൂക്ഷിച്ചിരുന്ന ആ സ്ഥലം മരിയൻ സൊഡാലിറ്റിക്കായി വിട്ടുകൊടുക്കപ്പെട്ടു. അങ്ങനെ 1912-ൽ ഒരു പ്രാർത്ഥനായോഗത്തിൽ ഇറ്റലിയിലെ ധാർമ്മിക അധഃപതനത്തിന്റെ വക്കിലായിരുന്ന പോംപെ എന്ന നഗരത്തിൽ ഒരു ഇറ്റാലിയൻ അഭിഭാഷകനായ ബർത്തലോ ലോംഗോ പുനഃരുദ്ധീകരണത്തിന് യത്നിച്ച ഒരു സംഭവം വായിക്കുവാനിടയായി, ഇതിൽ നിന്നും പ്രചോദനം ലഭിച്ച കെന്റണിക്കച്ചനും വൈദീകാർത്ഥികളും തങ്ങളുടെ സമ്മേളന സ്ഥലമായ ഈ കൊച്ചുകപ്പേളയെ തങ്ങളുടെ ത്യാഗങ്ങളാലും പ്രാർത്ഥനയാലും പരി. അമ്മക്കായി ഒരു വാസസ്ഥലമായി ഒരുക്കണമെന്നും ആഗ്രഹിച്ചു. അങ്ങനെ പരിശുദ്ധ അമ്മ ഇവിടെനിന്നും യുവഹൃദയങ്ങളെ തന്നിലേക്ക് ആകർഷിക്കുമെന്നും ആന്തരികമായ

"സഹനത്തേക്കാൾ വലുതായിരിക്കണം നിങ്ങളുടെ സ്നേഹം.
അപ്പോഴാണ് മനസ്സുകൊണ്ട് കുരിശുകളെ സ്വീകരിക്കാൻ കഴിയുന്നത്"



പരിവർത്തനം നൽകി ദൈവികവേലക്കായി ഇവിടെ നിന്നും അയക്കുമെന്നും അവർ ഗാഢമായി വിശ്വസിച്ചു. അതിനാൽ ഈ കപ്പേളയുടെ തണലിൽ നിന്നും മാതാവിന്റെ ശിക്ഷണത്തിൽ തങ്ങളെതന്നെ സ്വതന്ത്രവും ഉറച്ചതും വിശുദ്ധവുമായ വ്യക്തിത്വങ്ങളുടെ ഉടമകളായി രൂപീകരിക്കുവാൻ സന്നദ്ധരാണ് എന്ന് അവർ പരി. അമ്മയ്ക്ക് വാഗ്ദാനം നൽകി. 1912 മുതൽ 1914 വരെയുള്ള കാലഘട്ടത്തിൽ ഈ വാഗ്ദാനം നിറവേറ്റുന്നതിനായി ത്യാഗങ്ങളിലൂടെയും പ്രാർത്ഥനകളിലൂടെയും മാതാവുമായി വ്യക്തിപരമായ ബന്ധം പുലർത്തുവാൻ ഓരോ സൊഡാലിറ്റി അംഗവും ശ്രമിച്ചുപോന്നു. 1914 ഒക്ടോബർ 18 അവർ കെന്റണിക്കച്ചനോടൊപ്പം മാതാവുമായി ആ കപ്പേളയിൽ ഒരുമിച്ചുകൂടി സ്നേഹ ഉടമ്പടി നടത്തുകയും നിന്നെ കൂടാതെ ഞങ്ങൾക്കൊന്നുമില്ല ഞങ്ങളെകൂടാതെ നിനക്കൊന്നുമില്ല എന്ന ആപ്തവാക്യം ജീവിതത്തിൽ സ്വീകരിക്കുകയും ചെയ്തു. യേശുവിനെ തന്റെ ദൗത്യത്തിനായി ഒരുക്കിയതുപോലെ പരി. അമ്മ നമ്മെ ഓരോരുത്തരേയും സ്വതന്ത്രവും ഉറച്ചതും വിശുദ്ധവുമായ വ്യക്തിത്വത്തിന് ഉടമകളാക്കിമാറ്റുന്നു. അങ്ങനെ മാതാവിന്റെ സേവകർ ഒരിക്കലും നശിച്ചുപോവുകയില്ല എന്ന ഓരോ ഷേൺസ്റ്റാട്ട് കപ്പേളയിൽ എഴുതിവച്ചിരിക്കുന്ന വാഗ്ദാനം അന്വർത്ഥമാകുന്നു.

അഞ്ചു ഭൂഖണ്ഡങ്ങളിലായി സ്ഥിതിചെയ്യുന്ന ഇരുനൂറോളം കപ്പേളകളിലും ഇറ്റാലിയൻ ചിത്രകാരനായ ലൂയിജി ക്രോസിയോ വരച്ച പ്രസാദവരനാഥയുടെ ചിത്രം പരി. മാതാവിന്റെ സാന്നിദ്ധ്യം നമ്മെ അനുസ്മരിപ്പിക്കുന്നു. 1915 ഏപ്രിൽ മാസത്തിലാണ് ആദ്യമായി ഈ ചിത്രം ഷേൺസ്റ്റാട്ട് കപ്പേളയിലേക്ക് കൊണ്ടുവരുന്നത്. വിശുദ്ധ മിഖായേൽ ദൂതന്റെ നാമധേയത്തിൽ സമർപ്പിക്കപ്പെട്ടിരിക്കുന്ന ആ കപ്പേളയിലെ ദൂതന്റെ രൂപം അൾത്താരയുടെ മദ്ധ്യഭാഗത്തു നിന്നും മാറ്റി അവിടെ പ്രസാദവരനാഥയുടെ പുതിയ ചിത്രം സ്ഥാപിച്ചു. പരി. അമ്മയുടെ മനോഹരമായ ചിത്രത്തിനുവേണ്ടി വി. മിഖായേൽ സ്ഥാനം ഒഴിഞ്ഞു നൽകി എന്നാണ് കെന്റണിക്കച്ചൻ ഇതിനെകുറിച്ച് പറയുന്നത്. അങ്ങനെ ഈ ചിത്രത്തിന് മരിയൻ സൊഡാലിറ്റിയിൽ തന്നെ ഉപയോഗിച്ചിരുന്ന Mother Thrice Admirable എന്ന പേര് കെന്റണിക്കച്ചൻ നൽകുകയുണ്ടായി. മറിയത്തിന്റെ തനതായ മാതൃത്വത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. അവൾ ദൈവത്തിന്റെ അമ്മയാണ്; വീണ്ടെടുക്കലിന്റെ അമ്മയാണ്; വീണ്ടെടുക്കപ്പെട്ടവരുടെ അമ്മയുമാണ്.




ഷേൺസ്റ്റാട്ട് കപ്പേളയിലെ മാതാവിന്റെ ചിത്രത്തിന് ചുറ്റുമുള്ള ലിഖിതമാണ് 'Servus mariae nunquam peribit' ഈ ലിഖിതം അർത്ഥമാക്കുന്നത് മറിയത്തിന്റെ ദാസൻ ഒരിക്കലും നശിച്ചുപോകില്ല എന്നാണ്. കാർത്തേജിലെ സെന്റ് അഗസ്റ്റിനെ കുറിച്ചാണ് ഈ പ്രമേയം നമ്മെ ഓർമ്മിപ്പിക്കുക. മറിയത്തെ സ്നേഹിക്കുകയും അവളുടെ സേവനത്തിനായി തങ്ങളെ തന്നെ സമർപ്പിക്കുകയും ചെയ്യുന്നവർക്ക് മരണം അല്ലെങ്കിൽ പാപത്തെക്കുറിച്ചുള്ള ഭയം എന്നിവയെ പേടിക്കേണ്ട ആവശ്യമില്ല എന്നാണ്.

ഒന്നാം ലോകമഹായുദ്ധത്തിന് തൊട്ടുപിന്നാലെയാണ് ഈ ലിഖിതങ്ങൾ ഷേൺസ്റ്റാട്ട് കപ്പേളയിൽ സ്ഥാപിക്കപ്പെട്ടത്. ഷേൺസ്റ്റാട്ട് സ്ഥാപക തലമുറയിലെ ഒരാളായ ഫ്രാൻസ് ഐസ്സെ എന്നയാളാണ് – യുദ്ധത്തിൽ തനിക്ക് ലഭിച്ച സംരക്ഷണത്തെപ്രതി പരി. അമ്മയോടുള്ള നന്ദി സൂചകമായി ഈ ലൈറ്റുകൊണ്ടുള്ള ഫ്രെയിം കപ്പേളയിലേക്ക് നൽകിയത്. മറിയത്തിന്റെ ദാസൻ ഒരിക്കലും നശിക്കുകയില്ല എന്ന വാക്കുകൾ കപ്പേളയിലേക്ക് കടന്നുവരുന്ന എല്ലാവർക്കും ധൈര്യം നൽകുന്നു.




ഷേൺസ്റ്റാട്ട് കപ്പേളയിലെ പരി. അമ്മയുടെ ചിത്രത്തിൽ കിരീടം ചാർത്തിയിരിക്കുന്നത് കാണാം. സ്വർല്ലോകരാജ്ഞിയായി കിരീടം ധരിപ്പിക്കപ്പെട്ട പരി. അമ്മയെകുറിച്ച് നാം കേട്ടിട്ടുണ്ട്. ആ സ്വർല്ലോകരാജ്ഞിയുടെ ഒരു അനുസ്മരണം കൂടിയാണ് ഷേൺസ്റ്റാട്ടിന്റെ രാജ്ഞിയായ പരി. അമ്മയുടെ കിരീടവും കിരീടധാരണവും നമ്മെ ഓർമ്മപ്പെടുത്തുന്നത്. ദൈവത്തിന്റെ രക്ഷാകര കർമ്മത്തിൽ ദൈവത്തിന്റെ ഉപകരണമായി വർത്തിച്ച അമ്മയെ ദൈവം സ്വർല്ലോകരാജ്ഞിയായി കിരീടം ധരിപ്പിച്ചു. ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികതയെ മറിയത്തിന്റെ കിരീടധാരണം കൊണ്ട് അർത്ഥമാക്കുക പരി. അമ്മയുമായുള്ള സ്നേഹഉടമ്പടിയിലുള്ള ആഴപ്പെടലും നവീകരണവുമാണ്. 1939 ഡിസംബർ 10–ാം തിയതി പരി. അമ്മയെ ഷേൺസ്റ്റാട്ടിൽ വച്ച് ഷേൺസ്റ്റാട്ട് രാജ്ഞിയായി കിരീടം ധരിപ്പിക്കുമ്പോൾ അവർ പ്രാർത്ഥിച്ചത്; പരിശുദ്ധ അമ്മേ! ഷേൺസ്റ്റാട്ട് അംഗങ്ങളെ രണ്ടാംലോക മഹായുദ്ധത്തിന്റെ കിരാതദിനങ്ങളിൽ സംരക്ഷിക്കണമെ എന്നാണ്. ഷേൺസ്റ്റാട്ട് സിസ്റ്റേഴ്സ് ആണ് ഈ കിരീടം സമ്മാനമായി നൽകിയത്. കെന്റണിക്കച്ചനാണ് പരി. അമ്മയെ കിരീടം ചൂടിച്ചത്. ഷേൺസ്റ്റാട്ടിനെയും ഷേൺസ്റ്റാട്ട് അംഗങ്ങളേയും അമ്മ ഇന്നും സംരക്ഷിച്ചുപോരുന്നു. പരി. അമ്മയെ കിരീടം ധരിപ്പിയ്ക്കുന്നതിലൂടെ നാം ആഗ്രഹിക്കുന്നത്. പരി. അമ്മ നമ്മെ ക്രിസ്തുവിലൂടെ ദൈവത്തിലേക്ക് നയിക്കണം എന്നാണ്. കിരീടം അണിയിക്കുന്നതിലൂടെ പരി. അമ്മയെ നമ്മുടെ ജീവിതത്തിന്റെ അമ്മയും രാജ്ഞിയുമായി ഏറ്റുപറയുകയാണ്.

ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികതയിലെ ഒരു പ്രധാന ഭാഗമാണ് കൃപയുടെ ഭണ്ഡാരം അഥവാ 'Capital of grace'. മറിയത്തോടുള്ള സ്നേഹത്തെപ്രതി ഞാൻ ഏറ്റെടുക്കുന്ന ത്യാഗപ്രവർത്തികളുടെയും പ്രാർത്ഥനകളുടെയും വിശുദ്ധ ജീവിതത്തിന്റെയും ഫലങ്ങൾ ഞാൻ പരി. അമ്മയ്ക്ക് സമർപ്പിക്കുന്നു. ഇത് പരി. അമ്മയോടുള്ള എന്റെ സ്നേഹത്തിന്റെ പ്രതിഫലനമാണ്. പരി. അമ്മയോടുള്ള എന്റെ സ്നേഹത്തെപ്രതി ഞാൻ അമ്മയ്ക്ക് നൽകുന്ന സമ്മാനമാണിത്. അനുഗ്രഹ ഭണ്ഡാരത്തിന്റെ പ്രതീകമായി ഒരു വലിയ കൽഭരണി എല്ലാ ഷേൺസ്റ്റാട്ട് കപ്പേളകളിലും നമുക്ക് കാണാൻ സാധിക്കും. നമ്മൾ ചെയ്യാൻ ആഗ്രഹിക്കുന്നതും ചെയ്തതുമായ കാര്യങ്ങൾ ഒരു കടലാസിലെഴുതി നമുക്ക് ഈ അനുഗ്രഹഭണ്ഡാരത്തിൽ നിക്ഷേപിക്കാം. എല്ലാ മാസവും 18–ാം തീയതി സ്നേഹഉടമ്പടി നവീകരണ ദിവസം കുർബാനക്കും നൊവേനക്കും ശേഷം അനുഗ്രഹ ഭണ്ഡാരത്തിൽ നിക്ഷേപിച്ചിരിക്കുന്ന ഈ കടലാസുകൾ പരി. അമ്മയോടുള്ള ഒരു പ്രാർത്ഥനയുടെയോ ഗാനത്തിന്റേയോ അകമ്പടിയോടുകൂടി കത്തിക്കുകയാണ് പതിവ്.

### ഷേൺസ്റ്റാട്ട് കപ്പേളയിലെ സക്രാരി

സക്രാരി ദൈവം വസിക്കുന്ന ഇടമാണ്. ഷേൺസ്റ്റാട്ട് കപ്പേളയിലെ സക്രാരിക്ക് മരം കൊണ്ടും ലോഹം കൊണ്ടും ഉണ്ടാക്കിയ രണ്ട് വാതിൽ പാളികൾ ഉണ്ട്. സക്രാരിക്ക് പുറത്ത് കാണുന്ന വാതിലിൽ മുന്തിരിക്കുലയുടെയും ഗോതമ്പ് കതിരിന്റെയും ചിത്രം ആലേഖനം ചെയ്തിരിക്കുന്നു. ഈ പ്രതീകം നമ്മെ ഓർമ്മപ്പെടുത്തുന്നത് അപ്പവും വീഞ്ഞും ഈശോയുടെ ശരീരവും രക്തവുമായി ഈ സക്രാരിയിൽ സൂക്ഷിച്ചിരിക്കുന്നു എന്നതാണ്. ഇനി നാം കാണുന്നത് അടഞ്ഞുകിടക്കുന്ന ഒരു ലോഹത്തിന്റെ വാതിലാണ്. അവിടെ ലില്ലിപ്പൂവിൽ നിന്നും ഉദിച്ചുയരുന്ന കുരിശാണ്. ലില്ലിപൂവ് ഓർമ്മപ്പെടുത്തുന്നത് പവിത്രതയെയാണ്. കുരിശ് നമ്മെ പഠിപ്പിക്കുന്നത് തിന്മയുടെ മേലുള്ള വിജയമാണ്. ഇനി ഈ ലോഹത്തിന്റെ വാതിൽ തുറന്നാൽ ഈശോയെ നാം കണ്ടെത്തുന്നു. ഈ തുറന്ന വാതിലിൽ നാം കാണുന്നത് ഒരു ഭാഗത്ത് സദ്വാർത്തയറിയിക്കുന്ന ഗബ്രിയേൽ ദൂതനേയും മറുഭാഗത്ത് പരിശുദ്ധ അമ്മയെയും. ഇങ്ങനെ ഷേൺസ്റ്റാട്ട് കപ്പേളയിലെ സക്രാരി സവിശേഷമായി മാറിയിരിക്കുന്നു.

### Ver sacrum കെടാവിളക്ക്

ഷേൺസ്റ്റാട്ട് കപ്പേളയിലെ കെടാവിളക്കുകളുടെ പേര് Ver sacrum എന്ന ലാറ്റിൻ വാക്കാണ്. ഇതിന്റെ അർത്ഥം പരിശുദ്ധമായ വസന്തകാലം അഥവാ Holy Spring എന്നാണ്. മഞ്ഞുകാലത്തിനുശേഷം സമാഗതമാകുന്ന ഉണർവിന്റേയും ജീവതുടിപ്പുകളുടെയും കാലമാണ് വസന്തകാലം. 1939 കാലഘട്ടത്തിൽ അഡോൾഫ് ഹിറ്റ്ലറിന്റെ ഭരണകാലം, ജർമ്മൻ ജനതയ്ക്ക് പ്രത്യേകിച്ച് ഷേൺസ്റ്റാട്ട് യുവാക്കൾക്ക് യുദ്ധത്തിന്റെയും മരണത്തിന്റെയും ഭയം നൽകിയ കൊടും തണുപ്പിന്റെ മഞ്ഞുകാലം പോലെയായപ്പോൾ അതിനപ്പുറത്തേക്ക് ദൈവാനുഗ്രഹത്തിന്റെ പുലരിയെ സ്വപ്നം കണ്ടുകൊണ്ട് പരിശുദ്ധ അമ്മയുടെ സംരക്ഷണയിൽ പ്രത്യാശവെച്ചുകൊണ്ട് വിഭാവനം ചെയ്ത Ver Sacrum എന്ന കെടാവിളക്ക്, 1941 ജനുവരി മാസത്തിൽ സഭാസ്ഥാപകനായ കെന്റണിക്കച്ചൻ ആശിർവദിച്ച് ഷേൺസ്റ്റാട്ടിന്റെ ആദ്യത്തെ കപ്പേളയിൽ സ്ഥാപിച്ചു. ഷേൺസ്റ്റാട്ടിലെ എല്ലാ യുവജനങ്ങളുടെയും മാതാവിനോടുള്ള സ്നേഹത്തിന്റെ പ്രതീകമായി ഈ കെടാവിളക്ക് എല്ലാ ഷേൺസ്റ്റാട്ട് കപ്പേളകളിലും കാണുവാൻ സാധിക്കും. ഇതിൽ കത്തിനിൽക്കുന്ന ദീപം ലോകത്തിന്റെ പ്രകാശമായ യേശുവിനെയും നാം ഓരോരുത്തരേയും സൂചിപ്പിക്കുന്നു. ഗ്ലോബ് ലോകത്തെ സൂചിപ്പിക്കുമ്പോൾ പരി. കന്യകാമറിയം ഈശോയോടൊപ്പം ലോകത്തിന്റെ രാജ്ഞിയായി വാഴുന്നതിനെയാണ് ഗ്ലോബിന്റെ മുകളിലുള്ള എം.റ്റി.എ സൂചിപ്പിക്കുന്നത്. മാതാവിലൂടെ ക്രിസ്തുരാജ്യം കെട്ടിപ്പടുക്കുവാൻ നമ്മുടെ ത്യാഗങ്ങൾ സ്വീകരിക്കുന്നതാണ് ഗ്ലോബിന്റെ അടിയിലുള്ള പീലാസപോലുള്ള ഭാഗം സൂചിപ്പിക്കുക.

പരി. അമ്മയുടെ ചിത്രത്തിലേക്ക് നോക്കികൊണ്ട് നിൽക്കുന്ന രണ്ട് വിശുദ്ധർ ഷേൺസ്റ്റാട്ട് കപ്പേളയുടെ മദ്ബഹായിലുണ്ട്. കൈയ്യിൽ സ്വർഗ്ഗത്തിന്റെ താക്കോലുമായി വിശുദ്ധ പത്രോസും വാളേന്തിയ വിശുദ്ധ പൗലോസും കപ്പേളയുടെ അൾത്താരയിലെ സക്രാരിയുടെ ഇരുവശങ്ങളിലുമായി നിൽക്കുന്നുണ്ട്. 1935 മുതൽ ആരംഭിച്ചതാണ് ഈ രണ്ടു വിശുദ്ധരുടേയും സാന്നിധ്യം ഈ കപ്പേളയിൽ. ഇതിനു മുൻപ് അവിടെയുണ്ടായിരുന്നത് രണ്ട് മാലാഖമാരുടെ സ്തൂപങ്ങളായിരുന്നു. ആ മാലാഖമാർക്ക് പകരമായി 1935 നവംബർ 12 മുതൽ ഈ വലിയ രണ്ട് വിശുദ്ധർ സക്രാരിക്ക് ഇരുവശവുമായി സ്ഥാപിക്കപ്പെട്ടു. ഈശോയുടെ സഭ





യേയും അപ്പസ്തോലന്മാരുടെ അഥവാ ശിഷ്യന്മാരുടെ ഗണത്തെയുമാണ് ഈ വിശുദ്ധർ പ്രതിനിധാനം ചെയ്യുന്നത്. ഇവരുടെ ഈ സാന്നിധ്യം നമ്മെ സെഹിയോൻ ഊട്ടുശാലയിലെ മറിയത്തിന്റെ സാന്നിധ്യത്തെയാണ് ഓർമ്മിപ്പിക്കുന്നത്.




**Nothing without you, Nothing without us**

ഈ വാക്കുകൾ ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികതയിലെ പ്രധാനപ്പെട്ട വാക്കുകളാണ്. സ്നേഹ ഉടമ്പടിയുടെ അന്തസത്തകൂടിയാണിത്. 1933 മുതൽ ഷേൺസ്റ്റാട്ട് കപ്പേളയിലെ അൾത്താരയിലെ ബലിപീഠത്തിനു ചുറ്റുമുള്ള ചുറ്റോലയിൽ ഇങ്ങനെ ആലേഖനം ചെയ്യുവാൻ തുടങ്ങി. നിന്നെകൂടാതെ ഞങ്ങൾക്കും ഞങ്ങളെ കൂടാതെ നിനക്കും ഒന്നും സാധ്യമല്ല–ഇത് ഒരു സ്നേഹഉടമ്പടിയുടെ പ്രകടനമാണ്.




**Father - Eye**

Father - Eye എന്ന പ്രതീകം നമ്മെ ഓർമ്മപ്പെടുത്തുന്നത് സ്വർഗ്ഗീയ പിതാവിനെയും ദൈവപിതാവിന്റെ കരുണാർദ്രമായ സ്നേഹത്തെയും സംരക്ഷണത്തെയുമാണ്. ത്രികോണാകൃതിയോടുകൂടിയ രൂപമാണിത്. ഷേൺസ്റ്റാട്ട് കപ്പേളയിൽ പരി. അമ്മയുടെ ചിത്രത്തിന്റെയും അൾത്താരയുടെയും മുകളിലായിട്ടാണ് ഇത് സ്ഥാപിച്ചിരിക്കുക. ആദ്യമായി സ്ഥാപിക്കപ്പെട്ടത് 1948 ക്രിസ്തുമസ് രാത്രിയിൽ ഉറുഗ്വായിലെ നുവേവ എൽ വീനിയ എന്ന സ്ഥലത്തെ ഷേൺസ്റ്റാട്ട് കപ്പേളയിലാണ്. 1967 ഒക്ടോബറിൽ കെന്റണിക്കച്ചൻ ആദ്യകപ്പേളയിൽ സ്ഥാപിക്കാനായി ഒരു പ്രതീകം ഫാ. ഹെയ്സൻ ഹൂംസ്റ്റർ എന്ന അച്ചനെ ഏൽപിച്ചു. പിന്നീട് ഈ സിംബൽ ഷേൺസ്റ്റാട്ട് സമൂഹത്തിന്റെ ജൂബിലി വർഷം പ്രമാണിച്ച് 42 രാജ്യങ്ങളിലൂടെ സന്ദർശനം നടത്തുകയുണ്ടായി. 2014 ഒക്ടോബർ 18 –ന് Father - Eye ഷേൺസ്റ്റാട്ടിലെ ആദ്യകപ്പേളയിൽ സ്ഥാപിക്കപ്പെട്ടു.

**വി. യൗസേപ്പിതാവിന്റെ തിരുസ്വരൂപം**

ഷേൺസ്റ്റാട്ട് കപ്പേളയിലേക്ക് പ്രവേശിക്കുമ്പോൾ ഇടതുവശത്തായി വി. യൗസേപ്പിതാവിന്റെ രൂപം കാണുവാൻ സാധിക്കും. കെന്റണിക്കച്ചൻ കപ്പേളയിലേക്ക് നൽകിയ സമ്മാനമാണ് ഈ തിരുസ്വരൂപം. 1927 മാർച്ച് 19–ന് ഷേൺസ്റ്റാട്ട് സിസ്റ്റേഴ്സാണ് ഈ രൂപം കപ്പേളയിൽ സ്ഥാപിച്ചത്. പിന്നീട് 1933–ൽ പഴയസ്വരൂപം മാറ്റി പുതിയത് സ്ഥാപിച്ചു. ലോകത്തിന്റെ പലഭാഗങ്ങളിലായുള്ള ഷേൺസ്റ്റാട്ട് കപ്പേളകളിൽ വി. യൗസ്സേപിതാവിന്റെ തിരുസ്വരൂപം കാണുവാൻ സാധിക്കും. വി. യൗസ്സേപിതാവിന്റെയും പരി. അമ്മയുടെയും ഉണ്ണിയേശുവിന്റെയും സാന്നിധ്യം നമ്മെ തിരുക്കുടുംബത്തെ ഓർമ്മിപ്പിക്കുന്നു.



## Unity Cross അഥവാ ഐക്യത്തിന്റെ കുരിശ്

ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ വളർച്ചയുടെ കാലഘട്ടത്തിൽ ഷേൺസ്റ്റാട്ട് സമൂഹത്തിൽ നിന്നുതന്നെ രൂപപ്പെട്ടതാണ് ഐക്യത്തിന്റെ കുരിശ്. ചിലിയിലെ സെമിനാരിക്കാരുടെ ആദ്യതലമുറയാണ് ഇത് രൂപപ്പെടുത്തിയത്. ചിലിയിൽ നിന്നുള്ള ആദ്യത്തെ ഷേൺസ്റ്റാട്ട് വൈദികരുടെ പരിശീലനത്തിൽ പരി. അമ്മയിലൂടെ ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി സൂചകമായിട്ടാണ് ഐക്യത്തിന്റെ കുരിശ് രൂപപ്പെടുത്തിയത്. 1960 ലാണ് ഈ ക്രൂശിതരൂപം നിർമ്മിച്ചത്. ചിലിയിലെ വെല്ലവിസ്ത എന്ന കപ്പേളയിൽ യൂണിറ്റി ക്രോസ് സ്ഥാപിക്കുകയും അഞ്ചു വർഷങ്ങൾക്കുശേഷം 1965-ൽ കെന്റണിക്കച്ചൻ അദ്ദേഹത്തിന്റെ 80-ാം ജന്മദിനം ആഘോഷിക്കുന്ന അവസരത്തിൽ ചിലിയിലെ ഷേൺസ്റ്റാട്ട് കുടുംബാംഗങ്ങൾ ഐക്യത്തിന്റെ കുരിശ് അച്ചന് ജന്മദിനസമ്മാനമായി നൽകി. തുടർന്ന് 1965 ഡിസംബർ 12-ന് ജർമനിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അവർ ലേഡി ഓഫ് ഷേൺസ്റ്റാട്ടിന് ഇത് നൽകി. 1980 നവംബർ 29-ന് ഷേൺസ്റ്റാട്ട് വൈദികർ ഐക്യത്തിന്റെ കുരിശ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയ്ക്ക് സമ്മാനമായി നൽകി. കൊൽക്കത്തയിലെ മദർ തെരേസ ഈ ഐക്യത്തിന്റെ കുരിശ് അവരുടെ സമൂഹത്തിന്റെ ക്രൂശിതരൂപമായി ഉപയോഗിക്കുന്നു. 1997 ഒക്ടോബർ 18-ന് ഐക്യത്തിന്റെ കുരിശ് ഷേൺസ്റ്റാട്ടിലെ ആദ്യത്തെ കപ്പേളയിൽ സ്ഥാപിച്ചു.



## പരിശുദ്ധാത്മാവിന്റെ രൂപം

ഷേൺസ്റ്റാട്ട് കപ്പേളയിലെ അൾത്താരയുടെ മുകളിൽ മേൽക്കൂരയോട് ചേർന്ന് പരിശുദ്ധാത്മാവിന്റെ ഒരു രൂപം കാണുവാൻ സാധിക്കും. പരിശുദ്ധാത്മാവിന്റെ പ്രതീകമായ പ്രാവിന്റെ രൂപവും അതിനുചുറ്റുമായി പ്രകാശം പരത്തുന്ന അഗ്നിനാളവും ചേർന്നതാണ് ഇത്. ഷേൺസ്റ്റാട്ട് കപ്പേളയിലെ ഈ രൂപം പെന്തകുസ്താ ദിനത്തിൽ പരിശുദ്ധ അമ്മയോടൊപ്പം സെഹിയോൻ ശാലയിൽ ഒത്തുചേർന്നിരുന്ന ശ്ലീഹമാരുടെ മേൽ പരിശുദ്ധാത്മാവ് വന്ന് നിറഞ്ഞ് അവരെ



ശക്തിപ്പെടുത്തി എന്നതിനെ അനുസ്മരിപ്പിക്കുന്നു. 1946-ൽ വൈദിക പരിശീലനത്തിന് വന്ന സെമിനാരി വിദ്യാർത്ഥികൾ ഒക്ടോബർ 4-ന് പരിശുദ്ധാത്മാവിന്റെ ഈ രൂപം ഷേൺസ്റ്റാട്ടിലെ ആദ്യത്തെ കപ്പേളയിൽ സ്ഥാപിച്ചു. പിന്നീട് ലോകത്തിന്റെ പലഭാഗത്തുള്ള ഷേൺസ്റ്റാട്ട് കപ്പേളകളിൽ പരിശുദ്ധാത്മാവിന്റെ സാന്നിധ്യം അനുസ്മരിപ്പിക്കുവാനായി പ്രാർത്ഥനയുടെ അകമ്പടിയോടെ ഈ രൂപം സ്ഥാപിക്കുവാൻ ആരംഭിച്ചു. കുറ്റൂരിലുള്ള കപ്പേളയിലും ഇത് കാണുവാൻ സാധിക്കും.

2000 വർഷത്തിലേറെ പാരമ്പര്യമുള്ള ക്രിസ്തുവിന്റെ സഭയിൽ അവിടുത്തെ വിശ്വാസത്തിൽ ഭാഗഭാക്കുകളാവുകയും രക്ഷാകരരഹസ്യത്തിൽ സഹകരിച്ചുകൊണ്ടും സഭക്കും സമൂഹത്തിനും എന്നും പ്രകാശം പരത്തിയ നിരവധിപേർ നമുക്ക് മുൻപ് കടന്നുപോയിട്ടുണ്ട്. 18-ാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടത്തിൽ ജർമ്മനിയിൽ ജനിച്ച് 1909-ൽ പൗരോഹിത്യം സ്വീകരിച്ച ജോസഫ് കെന്റണിക്കച്ചൻ ഇവരിലൊരാളാണെന്ന് നിസംശയം പറയാം. പരിശുദ്ധ മാതാവിലൂടെ യേശുക്രിസ്തുവിലേക്ക് എത്തിച്ചേരുന്നതിന്റെ വലിയ രഹസ്യം ജീവിച്ചുകാണിക്കുകയും പ്രബോധനങ്ങളിലൂടെ ബോധ്യപ്പെടുത്തുകയും ചെയ്ത ജോസഫ് കെന്റണിക്കച്ചനാണ് ഷേൺസ്റ്റാട്ട് സഭയുടെ സ്ഥാപകൻ. ഒന്നാംലോക മഹായുദ്ധത്തിന്റെയും രണ്ടാം ലോക മഹായുദ്ധത്തിന്റെയും നാസിസത്തിന് എതിരായ ചെറുത്തുനിൽപ്പിന്റെയും നാളുകളിൽ കലുഷിതമായ ലോകത്ത്, വെല്ലുവിളികൾക്കിടയിൽ വിശ്വാസത്തിന്റെ വെളിച്ചം പകരാൻ ധീരതയോടെ നിന്ന വ്യക്തിത്വമാണ് കെന്റണിക്കച്ചൻ.

1970 ഏപ്രിൽ 8-ന് തന്നെ സന്ദർശിക്കാൻ വന്ന ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിലെ അംഗങ്ങളോട് പോൾ ആറാമൻ മാർപാപ്പ പറഞ്ഞു: ''പ്രിയ ഷേൺസ്റ്റാട്ട് മക്കളെ, ജർമ്മൻ വൈദികനായ നിങ്ങളുടെ സ്ഥാപകൻ ജോസഫ് കെന്റണിക്കച്ചന്റെ ശവകുടീരത്തിൽ അദ്ദേഹം സഭയെ സ്നേഹിച്ചു എന്നെഴുതിയിട്ടുണ്ട്. ആ വാക്കുകൾ അദ്ദേഹത്തിന്റെ ജീവിതത്തിന്റെയും വ്യക്തിത്വത്തിന്റെയും പ്രതിഫലനമാണ്. നിങ്ങളോടും അതേവാക്കുകൾ തന്നെയാണ് പറയുക. സഭയോടും വി. പത്രോസിന്റെ പിൻഗാമിയോടും വിശ്വസ്ഥരായിരിക്കുക. നിങ്ങളുടെ ജീവിതം സമ്പന്നമാകും.

കുറ്റൂർ ഷേൺസ്റ്റാട്ട് കപ്പേള അനേകർക്ക് അനുഗ്രഹം പകരുന്ന പ്രസാദവരനാഥയുടെ ദൈവഭവനമാണ്. അനേകർ പ്രാർത്ഥിക്കുവാനായി കടന്നുവരികയും സ്നേഹഉടമ്പടിയിലൂടെ മാതാവുമായി സ്നേഹബന്ധത്തിലാവുകയും ചെയ്യുന്ന പുണ്യഗേഹം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 202 കപ്പേളകളിൽ ഒക്ടോബർ 18-ാം തിയതി മാതാവുമായുള്ള സ്നേഹ ഉടമ്പടിയുടെ നവീകരണം നടക്കുന്നു. ■





# ഷേൺസ്റ്റാട്ട് അഥവാ സുന്ദരദേശം



ഫാ. ജോസ് അരഞ്ഞാണിയിൽ ISch

ജർമ്മനിയിലെ റൈൻ നദീതീരത്തുള്ള കോബ്ലൻസ് പട്ടണത്തോട് ചേർന്ന് കിടക്കുന്ന ഫലന്തറിലെ ഒരു പ്രദേശമാണ് ഷേൺസ്റ്റാട്ട്! മനോഹരമായ സ്ഥലം എന്നാണ് ഈ ജർമ്മൻ വാക്കുകളുടെ അർത്ഥം. ഈ സുന്ദര ദേശത്തിന് ദൈവം നല്കിയ മറ്റൊരു മഹാദാനമാണ്, സ്വർഗ്ഗഭൂലോകങ്ങളുടെ റാണിയായ പരി. അമ്മയുടെ കപ്പേള! പരിശുദ്ധ കന്യകാമറിയത്തിന് സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ കപ്പേളയാണ് ഷേൺസ്റ്റാട്ട് അഥവാ സുന്ദര ദേശത്തിന്റെ തിലകക്കുറി! അന്തർദ്ദേശീയ ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ ആദ്ധ്യാത്മിക ഉറവിടം!

1914–ൽ പള്ളോട്ടിൻ വൈദിക വിദ്യാർത്ഥികളുടെ ആത്മീയ പിതാവായ ഫാ. ജോസഫ് കെന്റണിഹ്, തന്നെ ചുമതലപ്പെടുത്തിയ വിദ്യാർത്ഥികളുടെ സമഗ്ര വളർച്ചയ്ക്കായി സ്വതന്ത്രവും ഉറച്ചതുമായ വ്യക്തിത്വ രൂപീകരണത്തിനായി, പരി. കന്യകാമറിയത്തെ തങ്ങളുടെ അമ്മയും രാജ്ഞിയുമായി സ്വജീവിതത്തിലേയ്ക്ക് സ്വീകരിക്കുകയും തങ്ങളെത്തന്നെ പൂർണ്ണമായും മാതാവിനു വിട്ടുകൊടുക്കുകയും ചെയ്തു. ഈ സമർപ്പണമാണ് ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികതയുടെ അടിത്തറയായ സ്നേഹ ഉടമ്പടി (Covenant of Love).

സ്നേഹ ഉടമ്പടിയിലൂടെ തങ്ങളുടെ ജീവിതം ദൈവത്തിനു സമർപ്പിച്ച് ജീവിക്കുവാൻ ആഗ്രഹിച്ച നിരവധി ആളുകൾ ഷേൺസ്റ്റാട്ടിന്റെ വിവിധ ശാഖകൾക്ക് രൂപം നല്കാൻ കാരണമായി. ജീവിതത്തിലെ ഏതു മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും, പ്രായലിംഗവർണ്ണ ഭേദമന്യേ അനുദിന വിശുദ്ധിയിലൂടെ ദൈവത്തിന്റെ പരിപൂർണ്ണത യിലേയ്ക്ക് വളരുവാനുള്ള ആത്മീയ വീഥിയായി ഷേൺസ്റ്റാട്ട് പ്രസ്ഥാനം!

ഷേൺസ്റ്റാട്ട് സിസ്റ്റേഴ്സ് ഓഫ് മേരി, ലേഡീസ് ഓഫ് ഷേൺസ്റ്റാട്ട്, മരിയൻ ബ്രദേഴ്സ് ഓഫ് ഷേൺസ്റ്റാട്ട്, യൂണിയൻ ഓഫ് ഷേൺസ്റ്റാട്ട്, ഫെഡറേഷൻ ഓഫ് ഷേൺസ്റ്റാട്ട് എന്നീ വിവിധ ശാഖകൾ പല ഘട്ടങ്ങളിലായി രൂപീകരിക്കപ്പെടുകയും അതിന്റെ കീഴിൽ വിവിധ ഷേൺസ്റ്റാട്ട് ഗ്രൂപ്പുകളും ആരംഭിക്കുകയും ചെയ്തു. വിവിധ ശാഖകൾക്ക് ആത്മീയ ഊർജ്ജം നല്കുന്ന ചാലക ശക്തിയായി നിലകൊള്ളുവാനുള്ള സ്ഥാപക പിതാവായ ഫാ. ജോസഫ് കെന്റണിഹിന്റെ ആഹ്വാനത്തോടെ 1965–ൽ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഷേൺസ്റ്റാട്ട് ഫാദേഴ്സ് (Secular Institute of Schoenstat Fathers) എന്ന വൈദീക സമൂഹത്തിനും ആരംഭം കുറിച്ചു.

ഷേൺസ്റ്റാട്ടിന്റെ മുഖമുദ്രയായി നിലകൊള്ളുന്ന കപ്പേളയിൽ വാഴുന്ന പരിശുദ്ധ അമ്മയുമായുള്ള സ്നേഹ ഉടമ്പടിയിലൂടെ ജീവിത നവീകരണം ലക്ഷ്യമാക്കി, ഷേൺസ്റ്റാട്ട് ആത്മീയ തരംഗം ഇതര രാജ്യങ്ങളിലേയ്ക്കും വ്യാപിച്ചു. വിവിധ യൂറോപ്പ്യൻ രാജ്യങ്ങളിലും ലാറ്റിൻ അമേരിക്കൻ ദേശങ്ങളിലും ആഫ്രിക്കയുടെ പല ഭാഗങ്ങളിലും ശക്തിയാർജ്ജിച്ച ഷേൺസ്റ്റാട്ട് ആദ്ധ്യാത്മിക പ്രസ്ഥാനം, 1969–ൽ ഇരിഞ്ഞാലക്കുട രൂപതയിലെ ജോസ് അക്കരക്കാരൻ എന്ന വൈദികന്റെ നേതൃത്വത്തിൽ നിർമ്മിച്ച, ആളൂർ പ്രസാദവരനാഥ കപ്പേളയിലൂടെ ഭാരതമണ്ണിൽ വേരൂന്നി. തുടർന്ന് കർണ്ണാടക, തമിഴ്നാട് മുതലായ അയൽ സംസ്ഥാനങ്ങളിലേയ്ക്കും ഷേൺസ്റ്റാട്ടിന്റെ

"വരുംകാലങ്ങളിൽ സഭയുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ
ഷേൺസ്റ്റാട്ട് കപ്പേളയുടെ സ്വാധീനം വലുതായിരിക്കും"



പ്രവർത്തനങ്ങൾ വളർന്നു.

വൈദീക പരിശീലന കേന്ദ്രങ്ങളായ ആളൂർ ഷേൺസ്റ്റാട്ട് മേരിമാത മൈനർ സെമിനാരി, ആലുവ ഷേൺസ്റ്റാട്ട് സ്റ്റഡി ഹൗസ്, ബാംഗ്ലൂർ കെന്റണിഹ് വിദ്യാ നികേതൻ എന്നിവയും, ഷേൺസ്റ്റാട്ട് വിദ്യാപീഠങ്ങളായ കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമി, ആളൂർ ഷേൺസ്റ്റാട്ട് അക്കാദമി തുടങ്ങിയവയും, യുവനജങ്ങൾക്കു വേണ്ടിയുള്ള സാൾട്ട്, സാമൂഹിക ക്ഷേമത്തിനു വേണ്ടിയുള്ള വരടിയം ജീവാലയ എന്നിവയും ഷേൺസ്റ്റാട്ട് വൈദീക സമൂഹത്തിന്റെ വളർച്ചയുടെ നാഴിക കല്ലുകളാണ്.

മറ്റൊരു തുടക്കം കുറിച്ചുകൊണ്ട്, 2015-ൽ പ്രൊവിഡൻസ് റീജിയൻ ഓഫ് ഷേൺസ്റ്റാട്ട് ഫാദേഴ്സ് എന്ന പേരിൽ പുതിയ ഒരു റീജിയനാക്കി ഉയർത്തുകയും സീറോ മലബാർ സഭാദ്ധ്യക്ഷൻ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് കൃത ഞ്ജതാ ബലിയർപ്പിച്ചുകൊണ്ട് ഈ പുതിയ കാൽവയ്പ്പിന് പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.




1914-ൽ പരിശുദ്ധ അമ്മയുടെ കൊച്ചു കപ്പേളയിൽ ആരംഭിച്ച ഷേൺസ്റ്റാട്ട് ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിൽ പ്രവർത്തന നിരതസമൂഹങ്ങളായി മാറികൊണ്ടിരിക്കുന്നു. മാതാവിന്റെ ദാസർ ഒരിക്കലും നശിക്കുകയില്ല എന്നുള്ള ദൃഢവിശ്വാസത്തിൽ അടിയുറച്ച്, പരിശുദ്ധ അമ്മയുമായുള്ള സ്നേഹ ഉടമ്പടിയിൽ ജീവിച്ച് സ്വതന്ത്രവും ഉറച്ചതുമായ വ്യക്തികളെ രൂപപ്പെടുത്തി ഒരു നവജന സൃഷ്ടിക്കായുള്ള ഷേൺസ്റ്റാട്ട് ആത്മീയ പ്രവാഹം അനസ്യൂതം ഒഴുകികൊണ്ടേയിരിക്കുന്നു. ■

"നിസ്വാർത്ഥസ്നേഹത്തിലൂടെയാണ് ഷേൺസ്റ്റാട്ട് വളർന്നത്.
ഭാവിയിൽ അത് അങ്ങനെതന്നെ തുടരുകയും വേണം"



## പ്രവാചക ചരിത്രം



# ഷേൺസ്റ്റാട്ട് കപ്പേളയുടെ തുടക്കത്തിലേക്ക്

ഡോ. ജോയ് പുതുശ്ശേരി ISch

ജൂൺ 18-ാം തീയതി 'അൾഗമൈനെ റൂണ്ട് ഷൗ' എന്ന മാസികയുടെ ഒരു കോപ്പി കെന്റണിക്കച്ചന് ലഭിച്ചു. അതിൽ ഇറ്റലിയിലെ വാലെ ഡി പോംബൈ മരിയൻ തീർത്ഥാടനകേന്ദ്രത്തിന്റെ ചരിത്രത്തെക്കുറിച്ച് ഫാ. ഗെബ്രിയാൻ ഫ്രോയിലിഹ് എഴുതിയിരുന്നു. ഈ തീർത്ഥാടനകേന്ദ്രത്തിന്റെ ആരംഭത്തിനു കാരണം ഫാത്തിമയിലോ ലൂർദ്ദിലോ സംഭവിച്ചതുപോലെ മാതാവിന്റെ പ്രത്യക്ഷപ്പെടലല്ല, ബർത്താലോ ലോംഗോ എന്ന ഇറ്റാലിയൻ വക്കീലിന്റെ ത്യാഗവും പ്രവർത്തനങ്ങളുമാണ്. എന്തുകൊണ്ട് വി. മിഖേയേലിന്റെ കപ്പേളയും അങ്ങനെ ആയിക്കൂടായെന്ന് കെന്റണിക്കച്ചൻ ചിന്തിച്ചു.

1914 ജൂലൈ 27-ന് ഓസ്ട്രിയ സെർബിയയ്ക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു. ആഗസ്റ്റ് ഒന്നിന് ജർമ്മനി റഷ്യയോടും രണ്ട് ദിവസങ്ങൾക്കു ശേഷം ഫ്രാൻസിനോടും യുദ്ധം പ്രഖ്യാപിച്ചു. അതാണ് പിന്നീട് ഒന്നാം ലോകമഹായുദ്ധമായി മാറിയത്.

യാദൃശ്ചികമായി ഒന്നും സംഭവിക്കുന്നില്ലെന്നും, എല്ലാ സംഭവങ്ങളിലും ദൈവത്തിന്റെ സ്വരം ഉണ്ടെന്നും, അത് കേൾക്കുകയും തിരിച്ചറിയുകയും വ്യാഖ്യാനിക്കുകയുമാണ് മനുഷ്യരുടെ കടമയെന്നും കെന്റണിക്കച്ചൻ ഉദ്ബോധിപ്പിച്ചു.

വേനൽക്കാല അവധികഴിഞ്ഞ് ഒക്ടോബറിൽ വിദ്യാർത്ഥികൾ തിരിച്ചെത്തി. അതേമാസം 18-ന് കെന്റണിക്കച്ചൻ അവരോട് ഒരു പ്രസംഗം നടത്തി. പിന്നീട് ഈ പ്രസംഗം ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ സ്ഥാപകരേഖയായിട്ടാണ് അറിയപ്പെട്ടത്. കാലത്തിന്റെ സൂചനകളെ വ്യാഖ്യാനിച്ചുകൊണ്ട് വലിയ ഒരു വേലിയേറ്റത്തിന്റെ കാലം തുടങ്ങുകയാണെന്ന് അദ്ദേഹം പറഞ്ഞു. യുദ്ധം ചരിത്രത്തിന്റെ ഗതിയും യുദ്ധം മൂലമുണ്ടാകുന്ന മാറ്റങ്ങൾ ക്രൈസ്തവജീവിതത്തിന്റെ ഗതിയും രൂപപ്പെടുത്തുമെന്ന് അദ്ദേഹം മനസ്സിലാക്കി. യുദ്ധം മൂലമുണ്ടാകുന്ന മാറ്റങ്ങൾ ക്രൈസ്തവ ജീവിതത്തിന്റെ നവീകരണത്തിന് വേണ്ടി അദ്ദേഹം ഉപയോഗപ്പെടുത്തി. "നമുക്കും എല്ലാവർക്കും യുദ്ധത്തിലും അതിന്റെ വിജയത്തിലും പങ്കെടുക്കാൻ കഴിയുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. അതുവഴി ലോകത്തിന്റെ ചരിത്രരചനയിൽ നമുക്കും പങ്കുചേരാം. ഉദാസീനതയിൽപ്പെട്ട് ഉഴലുന്ന ഉപകാരശൂന്യമായ ഉപകരണങ്ങളല്ല നാം. നമുക്ക് സുപ്രധാനമായ കാര്യങ്ങൾ നിർവ്വഹിക്കാനുണ്ട്. നമ്മുടെ പിതൃഭൂമിയെ വിജയത്തിലേക്ക് നയിക്കാനുള്ള നമ്മുടെ ആയുധം നിസ്വാർത്ഥമായ ത്യാഗവും, പൂർണ്ണമായ അച്ചടക്കവും, സ്വാർത്ഥതയ്ക്ക് അതീതമായ സ്വയം നവീകരണവുമാണ്." പ്രവാചകദൗത്യങ്ങൾ ഏറ്റെടുക്കുക ദൈവജനത്തിന്റെ കടമയാണെന്ന വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനത്തോട് ഒത്തുപോകുന്നതായിരുന്നു കെന്റണിക്കച്ചന്റെ ചിന്ത.



കഴിഞ്ഞ മാസങ്ങളിൽ തന്നെ ചിന്തിപ്പിച്ച, തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരാഗ്രഹം അദ്ദേഹം വിദ്യാർത്ഥികളുടെ മുമ്പിൽ വെളിപ്പെടുത്തി. പത്രോസിന്റേയും, യാക്കോബിന്റേയും, യോഹന്നാന്റേയും മുമ്പിൽ താബോർ മലയിൽവച്ച് ക്രിസ്തുവിനുണ്ടായ രൂപാന്തരീകരണത്തെ അനുസ്മരിച്ചുകൊണ്ട് അദ്ദേഹം തന്റെ വിദ്യാർത്ഥികളോട് ചോദിച്ചു. "നമ്മുടെ ഈ സൊഡാലിറ്റി കപ്പേളയും മാതാവിന്റെ മഹത്വം വെളിപ്പെടുത്തുന്ന മറ്റൊരു താബോർ മലയായി മാറ്റിക്കൂടേ?" അദ്ദേഹം തുടർന്നു പറഞ്ഞു; "പരിശുദ്ധ അമ്മയുടെ പ്രത്യേക വാസസ്ഥലമായി അനുഗ്രഹങ്ങൾ ചൊരിയുവാനും അത്ഭുതങ്ങൾ പ്രവർത്തിക്കാനുമായി ഈ കപ്പേളയെ മാറ്റാതെ ധീരമായ അപ്പസ്തോലിക പ്രവർത്തനം ചെയ്യാനോ നമ്മുടെ പിൻഗാമികൾക്ക് തനതായ ഒരു പൈതൃകം കൊടുക്കാനോ നമുക്ക് സാധിക്കുകയില്ല."

പ്രസംഗം കഴിഞ്ഞ് വിദ്യാർത്ഥികൾ എല്ലാവരും പിരിഞ്ഞുപോയി. പ്രത്യേകമായി എന്തെങ്കിലും സംഭവിച്ചതായി ആർക്കും തോന്നിയില്ല. പക്ഷെ, ഒക്ടോബർ 18-ാം തീയതി ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന ദിവസമായിരുന്നു. ദൈവത്തിന്റെ സ്വരത്തിന് ഫാ. കെന്റണിഹ് തന്റെ വിശ്വാസത്തിന്റെ ഭാഷയിൽ മറുപടി നൽകി. തന്റെ ജീവിതത്തിലെ സുപ്രധാനമായ നടപടികളിൽ ഒന്നാണ് അന്ന് കൈക്കൊണ്ടതെന്ന് പിന്നീട് അദ്ദേഹം പറയുകയുണ്ടായി. തന്റെ ജീവിതത്തിൽ പലപ്പോഴും ദൈവികപദ്ധതിക്ക് അനുസൃതമായി നിർണ്ണായകമായ അനേകം തീരുമാനങ്ങൾ അദ്ദേഹം കൈക്കൊണ്ടിട്ടുണ്ട്.

ലോകചരിത്രത്തിൽ ചെറുതും അപ്രധാനവുമായ സംഭവങ്ങൾ ഉന്നതവും അത്യുന്നതവുമായ കാര്യങ്ങൾക്ക് നിമിത്തങ്ങളായി തീർന്നതിനെക്കുറിച്ച് കെന്റണിക്കച്ചൻ പലപ്പോഴും പറയുമായിരുന്നു. നമ്മുടെ കാര്യത്തിലും എന്തുകൊണ്ട് അങ്ങനെ ആയിക്കൂടായെന്ന് അദ്ദേഹം ചോദിക്കും. ■



## ചിരിക്കാൻ ചിന്തിക്കാൻ

# സത്യം പറഞ്ഞാൽ...



സത്യശീലൻ പേരുകേട്ട ഒരു വക്കീലാണ്. പേര് സത്യശീലനാണെങ്കിലും സത്യം ലേശം പോലും പറയാത്തവനായിരുന്നു. കല്ലുവച്ച നുണ പറഞ്ഞ് ഏത് കേസും അനായാസം അദ്ദേഹം ജയിക്കും. ഒരുപാട് നിരപരാധികളുടെ ജീവിതത്തിന്റെ തിരശീലയിട്ടവനാണ് സത്യശീലൻ. അദ്ദേഹത്തിന്റെ നുണ പറഞ്ഞുള്ള വിജയം ഭാര്യ നന്നേ വെറുത്തിരുന്നു. അവളുടെ സ്നേഹത്തോടെയുള്ള ഉപദേശങ്ങളൊക്കെ അദ്ദേഹം പാടെ തിരസ്ക്കരിച്ചു. അവൾ കൂടെക്കൂടെ അദ്ദേഹത്തോടു പറയുമായിരുന്നു. നുണ പറഞ്ഞാൽ നാവ് പുഴുക്കുമെന്ന്. അതൊക്കെ നിന്റെ അന്ധവിശ്വാസം എന്നും പറഞ്ഞ് അവളെ അദ്ദേഹം പരിഹസിച്ചു. എല്ലാ ദിവസവും സത്യശീലനു തന്നെ ജയം. ഈശ്വരാ നീ ഇതൊന്നും കാണുന്നില്ലേ എന്ന് ഭാര്യ നെടുവീർപ്പിട്ടു. ഇതിന് ഒരു അറുതി വരുത്താൻ നീ എന്നെ സഹായിക്കണം. ഒരുപാട് ആലോചിച്ചശേഷം അവളൊരു മാർഗ്ഗം കണ്ടുപിടിച്ചു. ഒരു ദിവസം സത്യശീലൻ ഉറങ്ങിയപ്പോൾ അവൾ അല്പം പഞ്ചസാര ലായനി അയാളുടെ കിറിയിൽ തൂത്തു. രാവിലെ സത്യശീലൻ ഉണർന്നപ്പോൾ, കിറിയിൽഒരു മുറിവുള്ളതായി മനസ്സിലായി. ഇന്നലെ മുഖം കഴുകിയിട്ടാണല്ലോ കിടന്നത് പിന്നെ എങ്ങനെ പാറ്റ നക്കി എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്ത മുഴുവനും. അദ്ദേഹത്തിന്റെ ഭാര്യ ഈ ശീലം പതിവാക്കി. എങ്ങനെയെങ്കിലും ഭർത്താവിനെ സത്യം പറയുന്നവനാക്കണം എന്നതായിരുന്നു അവളുടെ ലക്ഷ്യം. ഭാര്യയുടെ പ്രയത്നം മൂലം സത്യശീലന്റെ കിറിയുടെ രണ്ടു ഭാഗത്തും മുറിവ് പ്രത്യക്ഷപ്പെട്ടു. ഓരോ ദിവസം കഴിയുംതോറും മുറിവിന്റെ ആഴം കൂടുകയല്ലാതെ കുറയുന്ന ലക്ഷണമില്ല. തന്റെ ഭാര്യ പറഞ്ഞതു ശരിയായിരിക്കുമെന്ന് അദ്ദേഹത്തിനു തോന്നിത്തുടങ്ങി. നുണ പറഞ്ഞാൽ നാക്ക് പുഴുക്കുമെന്നുള്ളത്. നാക്കിന് ഇതുവരെ ഒന്നും സംഭവിക്കാത്തതിനാൽ ചെറിയൊരാശ്വാസമുണ്ട്. അദ്ദേഹം ഭാര്യയോടു പറഞ്ഞു ഇന്നു മുതൽ ഈ സത്യശീലൻ സത്യം മാത്രമേ പറയൂ.

നമുക്കൊന്ന് കാതോർക്കാം.
"സത്യമേവ ജയതേ"

**JK** ■






# ആരാണ് നിന്റെ കൂട്ടുകാരൻ?

ഒരിക്കൽ ഒരു കൃഷിത്തോട്ടത്തിൽ ഒരു നെല്ലിമരം ഉണ്ടായിരുന്നു. എക്കാലത്തും അതിൽ നിറയെ നെല്ലിക്കയുണ്ടായിരുന്നു. നെല്ലിമരത്തിന്റെ അടുത്തുണ്ടായിരുന്ന മറ്റൊരു മരം ഒരു മുള്ളുമുരിക്കായിരുന്നു. തന്നെപോലെ ഫലം നൽകാൻ കഴിയാത്ത മുള്ളുമുരിക്കിനോട് നെല്ലിമരത്തിന് ദേഷ്യവും വെറുപ്പുമായിരുന്നു. ദേഹം നിറയെ മുള്ളുകളുമായി മറ്റുള്ളവരെ കുത്താൻ നോക്കി നിൽക്കുകയാണ് എന്ന് നെല്ലിമരം എല്ലായ്പ്പോഴും മുരിക്കിനെ കുറ്റപ്പെടുത്തി. നിസഹായനായി കേട്ടുനിൽക്കയല്ലാതെ മുള്ളുമുരിക്കിന് മറ്റൊന്നും പറയുവാനുണ്ടായിരുന്നില്ല.

ഒരുനാൾ കർഷകൻ നെല്ലിയുടെയും മുരിക്കിന്റെയും ചുവട്ടിൽ ഓരോ കുരുമുളക് ചെടികൾ നട്ടു. തന്നോട് ചേർന്ന് നിൽക്കാൻ ഒരു കൂട്ടുകാരനെ കിട്ടിയതിൽ മുരിക്കിന് കുരുമുളക് ചെടിയെ ഇഷ്ടമായി. എന്നാൽ നെല്ലിമരത്തിനാകട്ടെ, തന്റെ ചുവട്ടിൽ നട്ട കുരുമുളക് ചെടിയെ ഇഷ്ടമായില്ല. തന്റെ വെള്ളവും വളവും വലിച്ചെടുത്ത് വലിയ ആളാകാൻ നോക്കേണ്ട എന്ന് പറഞ്ഞ് കുരുമുളക് ചെടിയെ ശകാരിച്ചുകൊണ്ടിരുന്നു.

ദിനങ്ങൾ പലതുകഴിഞ്ഞപ്പോൾ, ഒരുനാൾ കർഷകൻ തോട്ടത്തിലെത്തി – ആ കാഴ്ചകണ്ട് അയാൾ ഞെട്ടി!!! നിറയെ വിളവുണ്ടായിരുന്ന നെല്ലിമരം ഉണങ്ങി മരിക്കാറായിരിക്കുന്നു..!! എന്തുപറ്റി എന്ന് അയാൾ നെല്ലിമരത്തിനോട് ചോദിച്ചു. ഒരു കുറ്റസമ്മതം പോലെ നെല്ലിമരം പറഞ്ഞു: "അങ്ങ് എനിക്കുതന്ന കൂട്ടുകാരനെ ഞാൻ തിരസ്കരിച്ചു. പകരം എനിക്ക് ഇഷ്ടപ്പെട്ട ഒരാളെ ഞാൻ എന്റെ ഉറ്റ കൂട്ടുകാരനായി കൂടെ കൂട്ടി. അവൻ എന്റെ ചില്ലയിൽ താമസം തുടങ്ങിയതു മുതൽ ഞാൻ ഉണങ്ങിത്തുടങ്ങി." ആരാണ് നിന്നെ നശിപ്പിച്ച ആ കൂട്ടുകാരൻ? കരഞ്ഞുകൊണ്ട് നെല്ലിമരം പറഞ്ഞു "ഇത്തിൾക്കണ്ണി".

കണ്ണുകൾ തുടച്ചുകൊണ്ട് പിന്നോട്ട് തിരിഞ്ഞ കർഷകൻ കണ്ടത് ഉല്ലാസഭരിതരായി നില്ക്കുന്ന മുള്ളുമുരിക്കിനേയും അതിൽ പറ്റിച്ചേർന്നിരിക്കുന്ന കുരുമുളക് ചെടിയേയുമാണ്. എന്തായിരുന്നു നിങ്ങളുടെ വളർച്ചയുടെ രഹസ്യം എന്ന് കർഷകൻ അവരോടു ചോദിച്ചു. അങ്ങ് എന്നെ ഇവിടെ, ഈ മുള്ളുമുരിക്കിന്റെ ചുവട്ടിൽ എന്നെ നടുമ്പോൾ ഞാൻ ദുഃഖിതനായിരുന്നു എന്നാൽ ഞാൻ വളർന്നു തുടങ്ങിയപ്പോൾ താഴെ വീഴാതെ മുള്ളുമുരിക്ക് എന്നെ ചേർത്തുപിടിച്ചു. മഴക്കാലത്ത് ശക്തമായ കാറ്റിൽ ഞാൻ വീഴാതെ നിന്നതും അതുകൊണ്ടായിരുന്നു. ആദ്യം എനിക്ക് വേദന തോന്നിയെങ്കിലും എന്റെ ഉറ്റചങ്ങാതിയാണ് ഈ മുള്ളുമുരിക്ക് എന്ന് കുരുമുളക് വള്ളി പറഞ്ഞു. ഇതു കേട്ടപ്പോൾ മുള്ളുമുരിക്ക് കൂട്ടിച്ചേർത്തു; "എനിക്ക് ആരും കൂട്ടുണ്ടായിരുന്നില്ല. ഞാൻ വെറുമൊരു പാഴ്മരമായിരുന്നു. അപ്പോഴാണ് അങ്ങ് എനിക്ക് ഇവനെ തന്നത്. ഞാൻ കുരുമുളക് ചെടിയെ ചേർത്തുപിടിച്ചു. അവനു ലഭിച്ച വെള്ളവും വളവും – അതിന്റെ ഒരു ഭാഗം

എനിക്കും കിട്ടി. കർഷകന് ഏറെ സന്തോഷമായി.

പ്രിയ വിദ്യാർത്ഥികളേ,

ദൈവം നമുക്ക് നല്കിയ കൂട്ടുകാരെ നമുക്ക് ചേർത്ത് പിടിക്കാം. കൂട്ടുകാരുടെ വളർച്ചയിൽ സന്തോഷിക്കുക, മറ്റുള്ളവരെ നശിപ്പിക്കുന്ന ഇത്തിൾക്കണ്ണികളായി മാറരുത്. ഇത്തിൽക്കണ്ണികളോട് കൂട്ട് കൂടുകയും അരുത്. പഠനകാലം ഫലസമൃദ്ധമായ വളർച്ചയുടെ കാലഘട്ടമാകട്ടെ - എന്റെയും എന്റെ സഹപാഠികളുടേയും നന്മയുടെ കാലം!

– ദോസ്ത് –



കവിത

# ഇത് സൗഹൃദമോ?

**അഞ്ജന സാജൻ**
ഷേൺസ്റ്റാട്ട് അക്കാദമി, ആളൂർ

അറിയില്ല പിതാവേ നീ
എന്നെ പിരിയുകയാണോ
കലാലയം എനിക്കു തന്ന
സൗഹൃദ സമ്മാനമെന്ന്
നിനച്ചു ഞാൻ തെറ്റിപ്പോയി
അറിഞ്ഞു ഞാൻ ആ സത്യം
കാലം നഷ്ടപ്പെടുത്തിയ വാത്സല്യം
തിരികെ തന്നു, ഭൂഷിതനായി നീ
എൻ പിതാവിൻ പ്രച്ഛന്നം
ഒളിക്കുവാൻ ആകുമോ അറിയില്ല
ഓർമ്മകൾ ഒത്തിരി ഉടച്ചു നീ
പോകുമ്പോൾ അക്ഷിയെ പിരിയരുത്
നീ എങ്കിലും എൻ കണ്ണീരെ
ഇനി വരും ഒരു ജന്മമെങ്കിൽ
ശിഷ്യയാം ഞാൻ നിൻ
മകളായ് പിറന്നീടട്ടേ
ആരുമില്ല ഉയർത്താൻ നിൻ വാക്കുകളേക്കാൾ
കാത്തിരിക്കുന്നു ഒരു പുനർജന്മം ഈ പുത്രി.

"സ്നേഹം സഹനംകൊണ്ട് ജീവിക്കുന്നു;
സഹനം സ്നേഹത്തെ പരിപോഷിപ്പിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു"

ഹൃദയമൊഴി



# മനുഷ്യനാവുക
## മനുഷ്യത്വത്തിലൂടെ...

ഡോ. ജോയ് പുതുശ്ശേരി ISch

ആഫ്രിക്കൻ പാരമ്പര്യത്തിൽ നില നിൽക്കുന്ന ഒരു ചിന്താരീതിയാണ് ഉബുന്ഡു (Ubuntu). ഇതിന്റെ അർത്ഥം നമ്മൾ മനുഷ്യനാകുന്നത് മനുഷ്യത്വത്തിലൂടെ ആണെന്നാണ്. നമ്മുടെ ജീവിതത്തിൽ എന്തെങ്കിലും നാം നേടുന്നുണ്ടെങ്കിൽ നമ്മൾ ചെയ്യുന്ന പരിശ്രമത്തിന് തത്തുല്യമായി മറ്റുള്ളവരുടെ പരിശ്രമവും പങ്കും ഉണ്ടെന്നുള്ള തിരിച്ചറിവായിട്ടാണ് നെൽസൺ മണ്ടേല ഉബുന്ഡു ആശയത്തെ വിവരിക്കുന്നത്.

ഒരിക്കൽ ഒരു നരവംശ ശാസ്ത്രജ്ഞൻ കുറച്ച് ആഫ്രിക്കൻ കുട്ടികളുമായി ഒരു പന്തയംവച്ചു. അദ്ദേഹം കുറേ മിഠായികൊണ്ട് വന്ന് ഒരു സ്ഥലത്തുവച്ചു. എന്നിട്ട് കുട്ടികളോട് പറഞ്ഞു. അദ്ദേഹം ഓടാൻ പറയുമ്പോൾ എല്ലാവരും ഓടുക. ആദ്യം മിഠായി ഇരിക്കുന്ന സ്ഥലത്ത് എത്തുന്ന ആൾക്ക് മിഠായികൾ ലഭിക്കും. നരവംശ ശാസ്ത്രജ്ഞൻ ഓട്ടം ആരംഭിക്കാനുള്ള അടയാളം കൊടുത്തു. പക്ഷെ ആരും ഓടിയില്ല. പകരം കുട്ടികൾ എല്ലാവരും പരസ്പരം കൈകൾ കോർത്ത് പിടിച്ച് ഒരുമിച്ച് ഓടി, ഒരേ സമയത്ത് മിഠായി ഇരിക്കുന്ന സ്ഥലത്തെത്തി. മിഠായി അവർ തുല്യമായി പങ്ക് വച്ച് കഴിച്ചു. എല്ലാവർക്കും സന്തോഷം. ശാസ്ത്രജ്ഞന് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. അദ്ദേഹം കുട്ടികളോട് ചോദിച്ചു. എന്ത് കൊണ്ടാണവർ തുല്യമായി എല്ലാം പങ്ക് വച്ചതെന്ന്. അവർ പറഞ്ഞു: ഉബുന്ഡു. അതിന്റെ അർത്ഥം– മറ്റുള്ളവർ ദുഃഖിതരായിരിക്കുമ്പോൾ ഒരാൾക്ക് എങ്ങനെ സന്തോഷിക്കാൻ കഴിയും? ചെറുപ്പത്തിലെ തന്നെ എന്റെ ജീവിതത്തിൽ മറ്റുള്ളവരുടെ കൈയ്യൊപ്പ് ഉണ്ട് എന്ന ചിന്തയോടെ ജീവിക്കുന്ന കുട്ടികൾ.

പ്രകൃതിയിലും ഒരു പരസ്പരാശ്രയത്വത്തിന്റെ നിയമം ഉണ്ട്. പ്രകൃതി വളരുന്നതും നിലനിൽക്കുന്നതും അപ്രകാരമാണ്. മണ്ണിന് മരത്തെയും മരത്തിന് മണ്ണിനെയും ആവശ്യമാണെന്ന തിരിച്ചറിവ്. പ്രകൃതിയുടെ സന്തുലിതാവസ്ഥ മനുഷ്യൻ എപ്പോഴൊക്കെ ചൂഷണം ചെയ്തുവോ, അപ്പോഴൊക്കെ കനത്തവില നൽകേണ്ടിവന്നു. മനുഷ്യനും പ്രകൃതിയും പരസ്പരാശ്രയത്വത്തിൽ ജീവിക്കണം. മനുഷ്യൻ മനുഷ്യനെ മാത്രം ആശ്രയിക്കുകയും ആദരിക്കുകയും ചെയ്താൽ പോരാ. പ്രകൃതിയെകൂടി ബഹുമാനിക്കുകയും ആശ്രയിക്കുകയും ചെയ്യണം.

കറൻസി കണ്ട്പിടിക്കുന്നതിന് മുമ്പ് മനുഷ്യൻ ബാർട്ടർ സിസ്റ്റത്തിലാണ് ജീവിച്ചത്. കറൻസിക്ക് പകരം മനുഷ്യൻ സാധനങ്ങൾ പരസ്പരം കൈമാറി ആണ് ജീവിച്ചത്. ബി.സി 6000–ത്തിൽ മെസ്സപൊട്ടോമിയൻ ഗോത്രക്കാരാണ് ബാർട്ടർ സിസ്റ്റം തുടങ്ങിയത്. പിന്നീട് ഫിനീഷ്യൻ ജനതയും ബാബിലോണിയൻകാരും അത് തുടർന്നു. പാശ്ചാത്യരാജ്യക്കാർ പല നാടുകൾ സഞ്ചരിച്ച് അവരുടെ രോമകുപ്പായങ്ങൾ സിൽക്കിനും സുഗന്ധവസ്തുക്കൾക്കും പകരമായി നൽകി. പ്രകൃതിയും

ചരിത്രവും പഠിപ്പിക്കുന്ന വലിയ സത്യം; മനുഷ്യനാകുന്നത് മനുഷ്യത്വത്തിലൂടെയാണ്. മനുഷ്യത്വത്തിന്റെ പ്രായോഗിക പ്രതിഫലനമാണ് പരസ്പരാശ്രയത്വത്തിൽ കാണുക.

ആദ്ധ്യാത്മിക ജീവിതത്തിലൂടെയും പരസ്പരാശ്രയത്വത്തിലേക്ക് വളരാം. ആദ്ധ്യാത്മികമാനം (Spiritual Quotient) ആദ്യമായി ഉപയോഗിക്കുന്നത് 1997-ൽ ഡാന സോഹർ എന്ന അമേരിക്കൻ സൈക്കോളജിസ്റ്റ് ആണ്. നാം എങ്ങനെ ആണ് മറ്റുള്ളവരോട് പെരുമാറുന്നതെന്ന ചോദ്യം, ആദ്ധ്യാത്മികമാനം അളക്കുന്ന ചോദ്യാവലിയിലെ പ്രധാനപ്പെട്ട ചോദ്യമാണ്. അതിന്റെ ഉത്തരമായി നാല് ഓപ്ഷനുകൾ ഉണ്ട്. നാം മറ്റുള്ളവരെ ശത്രുവായി കാണുന്നു. നാം മറ്റുള്ളവരെ മാറ്റി നിർത്തുന്നു, നമ്മിൽ നിന്ന് വ്യത്യസ്തമായി കാണുന്നു. നമ്മളെപ്പോലെ തന്നെ കാണുന്നു. ഈ നാല് ഉത്തരങ്ങളും എല്ലാ മനുഷ്യരും കടന്ന് പോകുന്ന ഒരു പ്രക്രിയയെ ആണ് സൂചിപ്പിക്കുക.

പരസ്പരാശ്രയത്വത്തിലൂടെ നാം എത്തിച്ചേരുന്നത് ആദ്ധ്യാത്മിക മാനത്തിന്റെ വളർച്ചയിലേയ്ക്ക് ആണ്. ആദ്ധ്യാത്മികമാനം എന്ന് പറയുന്നത് മറ്റുള്ളവരെ എന്നെപ്പോലെ തന്നെ കാണാൻ കഴിയുക എന്നതാണ്. ഈ ആദ്ധ്യാത്മിക മാനത്തിലേക്ക് ആണ് യേശു നമ്മളെ വിളിക്കുന്നത്. നിന്നെപോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക (മാർക്കോസ് 12:31).

ബൗദ്ധികമാനവും വൈകാരികമാനവും (Intelligence Quotient and Emotional Quotient) കൂടുതൽ ഉള്ളവർ മറ്റുള്ളവരേക്കാൾ ഒരുപടി മുൻപിലാണെന്ന ചിന്ത കുറച്ച് നാൾവരെ പ്രബലമായിരുന്നു. പക്ഷെ പുതിയ പഠനങ്ങൾ വിരൽ ചൂണ്ടുന്നത് വ്യത്യസ്തമായ മറ്റൊരു യാഥാർത്ഥ്യത്തിലേക്ക് ആണ്. എല്ലാ അറിവിനും അടിസ്ഥാനവും പ്രധാനവും ആയത് ആദ്ധ്യാത്മിക മാനമാണെന്നാണ് സ്റ്റീഫൻ കോവിതന്റെ 8th Habit : From Effectiveness to Greatness എന്ന പുസ്തകത്തിൽ പറയുന്നത്. കാരണം ആദ്ധ്യാത്മികമാനമാണ് എല്ലാത്തിന്റെയും അടിസ്ഥാനവും ബൗദ്ധിക-വൈകാരിക മാനങ്ങളെ നയിക്കുന്നതും.



കാലം സാങ്കേതിക വിദ്യകൊണ്ട് പുരോഗമിച്ചപ്പോൾ മനുഷ്യർ എല്ലാവരും തങ്ങളിലേക്ക് തന്നെ ഒതുങ്ങിക്കൂടി. തിരക്കിന്റെ പേരിൽ സമയദൗർബല്യതയുടെ പിറകിൽ ഞാൻ മാത്രമെന്ന ഭാവം മനുഷ്യരിൽ വളർന്നു. പരോന്മുഖത അന്യമായികൊണ്ടിരിക്കുന്ന കാലമാണിത്. അപരനെ എന്നിലേക്ക് ഉൾചേർക്കുന്നതും നെഞ്ചോട് ചേർത്ത് പിടിക്കുന്നതും ആദ്ധ്യാത്മക മാനത്തിന്റെ അടയാളമാണ്. നമ്മൾ നമ്മളാകുന്നത് മറ്റുള്ളവരുടെ കൂടെ പരിശ്രമവും പിന്തുണയും ഉള്ളതുകൊണ്ടാണെന്ന തിരിച്ചറിവ് ജീവിതത്തെ നയിക്കണം. നല്ല മനുഷ്യനാകാനുള്ള വഴി മനുഷ്യത്വത്തോടെ സംസാരിക്കാനും പെരുമാറാനും ഉള്ള കഴിവാണ്. അപ്പോൾ പരസ്പരാശ്രയത്വം നമ്മുടെ ജീവിതത്തിന്റെ പരിപൂരകമാകും. ■

# വാർത്താജാലകം

❖ **ഓണാഘോഷപരിപാടികൾ**

ഷേൺസ്റ്റാട്ടിന്റെ വിവിധ സ്ഥാപനങ്ങളിലെ ഓണാഘോഷപരിപാടികൾ സന്തോഷത്തിന്റെയും കൂട്ടായ്മയുടെയും മറ്റൊരു ദിനമാക്കി മാറ്റി. ആളൂർ ഷേൺസ്റ്റാട്ട് അക്കാദമി, കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമി എന്നീ കോളേജുകളിലെ ഓണപരിപാടികളിൽ വിദ്യാർത്ഥികളും അദ്ധ്യാപകരുമെല്ലാം ഒത്തുചേർന്നു. കുറ്റൂർ സാൾട്ട് ലൈഫ് സ്കൂൾ ഒരുക്കിയ ഓണം പരിപാടികളിൽ മാതാപിതാക്കന്മാരും യുവജനങ്ങളും പങ്കെടുത്തു. കുറ്റൂർ സീയോൻ സെന്ററിൽ നടത്തിവരുന്ന ജർമ്മൻ ഭാഷാപഠന ക്ലാസ്സുകളിലെ വിദ്യാർത്ഥികളും ഓണാഘോഷത്തിന്റെ തിളക്കം കൂട്ടി. ഷേൺസ്റ്റാട്ടിന്റെ വൈദിക പരിശീലന കേന്ദ്രങ്ങളായ ആളൂർ മൈനർ സെമിനാരി, ഷേൺസ്റ്റാട്ട് ഫിലോസഫി സ്റ്റഡി ഹൗസ് ആലുവ, കെന്റണിഹ് വിദ്യാനികേതൻ ബംഗളൂരു, എന്നിവിടങ്ങളിലും ഷേൺസ്റ്റാട്ട് വൈദികരുടെ നേതൃത്വത്തിൽ നടന്ന ഓണാഘോഷപരിപാടികൾ മനോഹരമായിരുന്നു.

❖ **Teacher's Day**

ഷേൺസ്റ്റാട്ട് ഫാദേഴ്സിന്റെ കലാലയങ്ങളായ ഷേൺസ്റ്റാട്ട് അക്കാദമി, ആളൂരിലും ഷേൺസ്റ്റാട്ട് അക്കാദമി കുറ്റൂരിലും സെപ്തംബർ 5-ാം തിയതി അദ്ധ്യാപകദിനം ആഘോഷിക്കുകയും ഗുരുഭൂതരെ ഹൃദയപൂർവ്വം അനുസ്മരിക്കുകയും ചെയ്തു.

❖ **മാർ ബോസ്കോ പുത്തൂർ പിതാവിന്റെ സന്ദർശനം :** മെൽബൺ രൂപതാബിഷപ്, മാർ ബോസ്കോ പുത്തൂർ പിതാവ് ആളൂർ ഷേൺസ്റ്റാട്ട് മൈനർ സെമിനാരി വിദ്യാർത്ഥികളെ സന്ദർശിക്കുകയും ദിവ്യബലി അർപ്പിച്ച് പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

❖ **ഷേൺസ്റ്റാട്ട് മൗണ്ട് :** കേരളത്തിലെ ഷേൺസ്റ്റാട്ട് വൈദികരുടെ സേവനരംഗത്തിന് ഒരു പുതിയ തുടക്കം കുറിച്ചുകൊണ്ട് തലശ്ശേരി അതിരൂപതയിലെ കണിച്ചാറിന് സമീപം ചാണപ്പാറയിൽ ഷേൺസ്റ്റാട്ട് മൗണ്ടിന്റെ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു.

❖ **ദുരിതാശ്വാസപ്രവർത്തനങ്ങൾ**

ഷേൺസ്റ്റാട്ട് വൈദികരും സെമിനാരി വിദ്യാർത്ഥികളും വിവിധ സ്ഥലങ്ങളിലെ മഴക്കെടുതികളിൽ ദുരിതമനുഭവിച്ചവരെ സന്ദർശിക്കുകയും അവശ്യവസ്തുക്കൾ നൽകിയും വീടും പരിസരവും വൃത്തിയാക്കിയും അവരുടെ പ്രയാസങ്ങളിൽ പങ്കുചേർന്നു.

❖ **സാൾട്ട് ലൈഫ് സ്കൂൾ - ചിത്രരചനാ മത്സരം :** കുറ്റൂർ സീയോൻ സെന്ററിൽ സാൾട്ട് ലൈഫ് സ്കൂൾ ഒരുക്കിയ പ്രകൃതി സംരക്ഷണം എന്ന വിഷയത്തിൽ ചിത്രങ്ങൾ വരയ്ക്കുവാൻ നിരവധി കുട്ടികൾ ഒത്തുചേർന്നു.

❖ **ഷേൺസ്റ്റാട്ട് ഫാമിലി ഗ്രൂപ്പ്:** ഷേൺസ്റ്റാട്ട് ഫാമിലി ഗ്രൂപ്പുകളുടെ വിവിധ മീറ്റിംഗുകൾ ആളൂർ മൈനർ സെമിനാരി, കുറ്റൂർ, സീയോൻ സെന്റർ എന്നിവിടങ്ങളിൽ നടത്തി. ഫാ. ജോൺസൺ പന്തപ്പിള്ളിയിൽ, ഫാ. പ്രഭുപ്രസാദ് കല്ലിങ്കൽ എന്നിവർ മീറ്റിംഗുകൾക്ക് നേതൃത്വം നൽകി.

❖ **Schoenstatt Migrant Youth :** പഠനത്തിനും ജോലിക്കുമായി ഇന്ത്യയിലെ വിവിധ ദേശങ്ങളിൽ നിന്നും ആഫ്രിക്കപോലുള്ള മറ്റു രാജ്യങ്ങളിൽ നിന്നും ബംഗുളൂരുവിൽ താമസമാക്കിയ യുവജനങ്ങൾക്കുവേണ്ടിയുള്ള സംഘടനയാണ് ഷേൺസ്റ്റാട്ട് മൈഗ്രന്റ് യൂത്ത് മിനിസ്ട്രി. ആഫ്രിക്കയിൽ നിന്നുള്ള ഒരു സംഘം യുവാക്കൾ ഷേൺസ്റ്റാട്ടിന്റെ പ്രവർത്തനങ്ങളിൽ പങ്കുചേരുകയും ബംഗുളൂരുവിലെ ഷേൺസ്റ്റാട്ട് കപ്പേളയിൽവച്ച് പരിശുദ്ധ അമ്മയുമായി സ്നേഹ ഉടമ്പടി നടത്തുകയും ചെയ്തു. ഫാ. ജോബി പോത്തൻ, ഫാ. ബിനേഷ് മാങ്കൂട്ടത്തിൽ, ഫാ. ഷെറിൻ കന്നപ്പിള്ളി തുടങ്ങിയ വൈദികർ യുവജന കൂട്ടായ്മ വളർത്തുവാൻ സഹായിച്ചുകൊണ്ടിരിക്കുന്നു.

"ഓരോ തുള്ളി വെള്ളമിറക്കുമ്പോഴും കോഴി അതിന്റെ കൊക്ക് മുകളിലേയ്ക്ക് ഉയർത്തുന്നതുപോലെ നമ്മളും എല്ലാ കാര്യങ്ങളിലും ദൈവത്തിലേയ്ക്കു നോക്കുക"



ഷേൺസ്റ്റാട്ട് ആദ്ധ്യാത്മിക പ്രവർത്തനങ്ങളെയും അതിന്റെ സ്ഥാപകനായ ഫാ. ജോസഫ് കെന്റ്ണിക്കിനെയും കുറിച്ച് കൂടുതൽ മനസ്സിലാക്കുകയും ഇന്ത്യയിലെ ഷേൺസ്റ്റാട്ടിന്റെ വളർച്ചയെ ഏറെ സഹായിക്കുകയും ചെയ്ത ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമ മെത്രാനായിരുന്ന **അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ** പിതാവ്, ഷേൺസ്റ്റാട്ടിനെകുറിച്ചും അതിന്റെ ഉത്ഭവകാരണമായ മാതാവിന്റെ കപ്പേളയെക്കുറിച്ചും പറയുന്നത് ഇപ്രകാരമാണ്:

1914 ഒക്ടോബർ 18-ാം തിയതി സെമിനാരി പ്രൊഫസറും ആദ്ധ്യാത്മിക പിതാവുമായിരുന്ന ജോസഫ് കെന്റ്ണിക്കച്ചൻ അവിടെയുണ്ടായിരുന്ന മാതാവിന്റെ കപ്പേളയിൽ നിന്നു കിട്ടിയ ദൈവീക പ്രചോദനമനുസരിച്ച് ജീവിത നവീകരണത്തിനായി ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന് ആരംഭം കുറിച്ചു. യുവജനങ്ങൾക്കും സ്ത്രീകൾക്കും രൂപതാവൈദികർക്കും സമർപ്പിതർക്കും കുടുംബങ്ങൾക്കുമെല്ലാം പരി. അമ്മയുടെ മാദ്ധ്യസ്ഥത്താൽ സ്നേഹഉടമ്പടിയിലൂടെ നന്മനിറഞ്ഞവരാകാനും നന്മപ്രസരിപ്പിക്കാനും സാധ്യമാകും എന്നുള്ളത് 100 വർഷത്തെ പ്രസ്ഥാന വളർച്ച തെളിയിക്കുന്നു. ഈ പ്രസ്ഥാനത്തിലുള്ള വിവിധ ഗ്രൂപ്പുകൾക്കും വ്യക്തികൾക്കും ആദ്ധ്യാത്മിക ഗുരുക്കളായി സേവനമനുഷ്ഠിക്കാനായി വൈദീകരുടെ സാന്നിദ്ധ്യം ആവശ്യമാകയാൽ 1965 ജൂലൈ 18-ന് ഷേൺസ്റ്റാട്ട് ഫാദേഴ്സ് എന്ന വൈദികശാഖ രൂപം കൊണ്ടു.

പരിശുദ്ധ അമ്മയുമായുള്ള സ്നേഹ ഉടമ്പടിയുടെ അനുഭവവും ചൈതന്യവും ഏവർക്കും സംലഭ്യമാക്കിക്കൊണ്ട് ജീവിതനവീകരണം സാധ്യമാക്കുവാൻ ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ ഉറവിടമായ ആദ്യകപ്പേള പോലെ പ്രസ്ഥാനമുള്ളിടത്ത് ഇതേ രൂപത്തിലുള്ള കപ്പേളകൾ ഉണ്ടാകണമെന്നുള്ളത് ഒരാവശ്യമായിത്തീർന്നു. പരിശുദ്ധ അമ്മയ്ക്ക് സ്വയം സമർപ്പിക്കുന്ന മക്കളെ അവിടുന്ന് യേശുവിലേക്ക് നയിക്കുന്നു. തന്റെ ഹൃദയത്തിൽ ഒരു കൂട് കൂട്ടുവാനും താനുമായുള്ള സ്നേഹ സമർപ്പണത്തിലൂടെ തന്നെപ്പോലെ ദൈവത്തിന്റെ ഉപകരണമായിത്തീർന്നുകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം നൽകുവാനും അമ്മ ഈ മക്കളെ ഒരുക്കുന്നു. ഇതുവഴി പുതിയ സമൂഹത്തിൽ പുതിയ മനുഷ്യനെ സൃഷ്ടിക്കുവാനുള്ള ഷേൺസ്റ്റാട്ട് ആദ്ധ്യാത്മീകതയുടെ ലക്ഷ്യം ഫലമണിയുന്നു.

പരി. പിതാവ് പോൾ ആറാമൻ മാർപാപ്പയുടെ അനുഗ്രഹാശ്ശിസുകളോടെ ഈ പ്രസ്ഥാനം 1965-നു ശേഷം ശക്തിയാർജ്ജിച്ചു. കപ്പേളയിലെ പരി. അമ്മയുമായുള്ള സ്നേഹഉടമ്പടിയിൽ നിന്ന് ശക്തിപ്രാപിച്ച് ലോകത്തിന്റെ നാനാഭാഗത്തുള്ള വ്യത്യസ്ത ജീവിതാവസ്ഥയിലുള്ള ഏവർക്കും സ്ഥാപകചൈതന്യത്തിൽ ജീവിക്കുവാൻ കഴിയുന്നുവെന്നതും ശ്ലാഘനീയമാണ്. ഉണ്ണീശോയെ കൈകളിലേന്തിയ പരി. അമ്മയുടെ മനോഹരചിത്രത്തിൽ "മരിയദാസൻ ഒരിക്കലും നശിക്കുകയില്ല" എന്ന് ആലേഖനം ചെയ്തപ്പെട്ടിരിക്കുന്നു. ഈ കപ്പേളയിൽ നിന്നും പരി. അമ്മയുടെ മാതൃകയും മാദ്ധ്യസ്ഥവും വഴി ധാരാളം അനുഗ്രഹം ഏവർക്കും സംലബ്ധമാകട്ടെ.

ആഗസ്റ്റ് 12, 2014
ഇരിങ്ങാലക്കുട



ഭാരതത്തിലെ ഷേൺസ്റ്റാട്ടിന്റെ പ്രഥമ കപ്പേളയായ ഇരിങ്ങാലക്കുടയിലെ ആളൂർ (BLM)

പ്രസാദവരനാഥ കപ്പേളയുടെ സുവർണ്ണജൂബിലി

2019 ഒക്ടോബർ 26- ാം തിയ്യതി

ഏവർക്കും സ്വാഗതം